കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഏലൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. ഇ.കെ.എം. (എം.2)66/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/03/2026
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഏലൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : ഏലൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏലൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3.ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം.
5.ഓഫീസ് കോപ്പി.

നമ്പർ: കെ.എസ്.എ. ഇ.കെ.എം. (എം.2)66/2026 തീയ്യതി: 17/03/2026

എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സിനി എം.വി.	ജോയിന്റ് ഡയറക്ടർ	12-01-2026	27-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-01-2026	27-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സന്തോഷ് കുമാർ കെ.വി., ഓഡിറ്റ് ഓഫീസർ
ശ്രീ. മധു വി.വി., ഓഡിറ്റ് ഓഫീസർ

ശ്രീ. സജീവ എൻ.എം., അസിസ്റ്റനറ ഓഡിറ്റ ഓഫീസര
ശ്രീ.വാലന്റൈൻ കെ. ഗിൽബർട്ട്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ടിനു കെ.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജയന്തി മാത്യു, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സുജിൽ എം ഡി	ചെയർമാൻ	01-04-2024	31-03-2025
ശ്രീമതി കൃഷ്ണകുമാരി.പി.ബി	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഷൈലജ കെ പി	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2024	06-01-2025
ശ്രീമതി.ബീന പി ജി	അസിസ്റ്റന്റ് എഞ്ചിനിയർ	07-01-2025	12-01-2025
ശ്രീമതി.നിത ഐ പി	അസിസ്റ്റന്റ് എഞ്ചിനിയർ	13-01-2025	31-03-2025
ശ്രീമതി.അഞ്ജു മറിയം എബ്രഹാം	കൃഷി ഓഫീസർ	01-04-2024	16-12-2024
ശ്രീമതി.എയ്ഞ്ചല സിറിയക്	കൃഷി ഓഫീസർ	17-12-2024	31-03-2025
ശ്രീമതി.രാജി കെ ജി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ.നിഷിത കെ എസ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	17-01-2025
ഡോ.സാജു കെ രാജ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	18-01-2025	23-01-2025
ഡോ.ശ്രീദേവി സി എസ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	24-01-2025	31-03-2025
ഡോ.സമിത പടിക്കൽ	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	01-04-2024	31-03-2025

ഡോ.നിഷി ടി കാർനേത്ത്	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി ഷീന കെ വി	പ്രിൻസിപ്പാൾ (ജി.എച്ച്.എസ്.എസ്. ഏലൂർ)	01-04-2024	31-03-2025
ശ്രീ.ജെയിംസ് എസ് പി	ക്ലീൻ സിറ്റി മാനേജർ (ഹെൽത്ത് ഓഫീസർ)	01-04-2024	31-03-2025
ശ്രീമതി.ഷെറിൻ ജോസഫ്	പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ(ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II)	01-04-2024	01-01-2025
ശ്രീ.സജിമോൻ കെ വർഗീസ്	പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ(സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II)	02-01-2025	31-03-2025
ശ്രീമതി.ഫസീറമോൾ ടി എ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	01-03-2025
തസ്തിക ഒഴിവ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	02-03-2025	05-03-2025
ശ്രീമതി. സ്മിത കെ ബി	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	06-03-2025	31-03-2025
ശ്രീ.സജിമോൻ കെ.വർഗീസ്	ഹെൽത്ത് ഇൻസ്പെക്ടർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ, നോട്ട്സ് ടു അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക ക്യാപിറ്റൽ ചെലവ് ഹെഡിൽ രേഖപ്പെടുത്തിയില്ല.	1-1-2
4	ബാങ്ക് റിക്കൺസിലിയേഷൻ - ചെക്കുകളുടെ വിവരം ലഭ്യമല്ല.	1-1-3
5	ബാങ്ക് ബുക്ക് ബാലൻസും പാസ്സ് ബുക്ക് ബാലൻസും തമ്മിൽ വ്യത്യാസമുണ്ടെങ്കിലും റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയില്ല.	1-1-4
6	സ്ഥിര നിക്ഷേപങ്ങളുടെ പലിശ തെറ്റായി രേഖപ്പെടുത്തി	1-1-5
7	ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് - B-4 ഷെഡ്യൂൾ , B-17 ഷെഡ്യൂൾ എന്നിവ പ്രകാരം വ്യത്യാസം	1-1-6
8	ഹെൽത്ത് ഗ്രാന്റ് വരവ് ചെലവുകൾ - ബാങ്ക് പാസ്സ്ബുക്ക്, വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ തമ്മിൽ വ്യത്യാസം	1-1-7
9	ഹെൽത്ത് ഗ്രാന്റ് ഹെഡിൽ തെറ്റായി ലെഡ്ജർ പോസ്റ്റിംഗ് ചെയ്തു.	1-1-8
10	മുൻവർഷത്തെ വാടക വരവ് തൻവർഷത്തെ വാടകയായി രേഖപ്പെടുത്തി.	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് ബാലൻസ് പരിശോധന	1-8
18	ആഭ്യന്തരനിയന്ത്രണം	1-9
19	കെ സ്മാർട്ട് സോഫ്റ്റ്‌വെയർ - പരിമിതികൾ	1-10
20	വസ്തുനികുതി 01-04-2023 തീയതി പ്രാബല്യത്തിൽ നിർണ്ണയിച്ചില്ല	1-11
21	സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലുള്ള കെട്ടിട നിർമ്മാണം - ഫീസ് അടവാക്കാതെ പെർമ്മിറ്റ് അനുവദിച്ചു.	1-12
22	തൊഴിൽ നികുതി - അപാകതകൾ	1-13
23	തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്	1-14
24	IFTE&OS ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല	1-15
25	പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്ഥാപനങ്ങൾ	1-16

	പ്രവർത്തിക്കുന്നു	
26	ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്	1-17
27	ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകൽ - രേഖകൾ സൂക്ഷിക്കുന്നതിലെയും വാടക ഈടാക്കുന്നതിലെയും അപാകതകൾ	1-18
28	ടൗൺ ഹാൾ വാടക ഈടാക്കിയതിലെ അപാകതകൾ	1-19
29	ആംബുലൻസ് വാടക അപാകങ്ങൾ	1-20
30	തനത് വരുമാനം പിരിവ് കാര്യക്ഷമമല്ല - വികസനഫണ്ട് കുറവ് ചെയ്തു.	1-21
31	ക്ഷേമപെൻഷൻ വിതരണത്തിലെ അപാകത	1-22
32	മുൻകൂർ നൽകിയ തുക - ₹24,24,204/- ക്രമീകരിച്ചിട്ടില്ല.	1-23
33	അങ്കണവാടികൾക്ക് ആവശ്യമായ കിച്ചൺ അപ്ലയൻസ് - ടി.ഡി.എസ്. അധികം പിടിച്ചിരിക്കുന്നു	1-24
34	അങ്കണവാടി പോഷക ആഹാര പരിപാടി	1-25
35	FHC ഏലൂരിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല - തുക ₹141824/- തടസ്സപ്പെടുത്തുന്നു.	1-26
36	ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട പദ്ധതികളിൽ ബാക്കി വന്ന തുക HMC ബാങ്ക് അക്കൗണ്ടിലേക്കു മാറ്റിയിരിക്കുന്നു	1-27
37	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-28
38	ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗിക്കാത്ത ₹54,57,933/- തിരികെ ഈടാക്കുന്നില്ല.	1-29
39	കുറ്റിക്കാട്ടുകര സ്കൂൾ മെയിന്റനൻസ്-ഇനം മാറ്റി ചെയ്തതിനാൽ 34879/-രൂപ തടസ്സപ്പെടുത്തുന്നു	1-30
40	മണലിപ്പള്ളം കാന നിർമ്മാണം പൂർത്തീകരണം	1-31
41	ചേരാനല്ലൂർ ഫെറി റോഡ് മെയിന്റനൻസ്- അപാകത	1-32
42	ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 11508/- രൂപ തൊഴിൽനികുതി അടവാക്കി.	1-33
43	സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-അപാകത	1-34
44	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-35
45	സർവ്വീസ് പെൻഷൻ വിതരണവിവരങ്ങൾ	1-36
	ഭാഗം 2	
1	തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- 12300/- രൂപ നഷ്ടം	2-1
2	ആംബുലൻസ് വാടക ഈടാക്കിയതിൽ കുറവ്	2-2
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം	4-2

3	സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികളുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/ വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഏലൂർ നഗരസഭയുടെ 2025 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 26.11.2025 ലെ 3(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 30.11.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏലൂർ നഗരസഭയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി : 17.03.2026

ജോയിന്റ് ഡയറക്ടർ

1-1-1 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ, നോട്ട്സ് ടു അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ, കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ)പ്രകാരമുള്ള നോട്ട്സ് ടു അക്കൌണ്ട്, ചട്ടം 58(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ

ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക ക്യാപിറ്റൽ ചെലവ് ഹെഡിൽ രേഖപ്പെടുത്തിയില്ല.

വിവിധ ഗ്രാന്റുകളിൽ നിന്നും മൂലധന ചെലവുകൾക്കുപയോഗിച്ച തുകകൾ വാർഷിക ധനകാര്യ പത്രികയിൽ 321001-CAPITAL CONTRIBUTION എന്ന ഹെഡിൽ Credit ചെയ്തിട്ടുണ്ട്. ടി ഹെഡിന്റെ ലെഡ്ജറിൽ 3202017 - Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly എന്ന ഗ്രാന്റിന്റെ ക്യാപിറ്റൽ ചെലവ് 590185 രൂപ J-M071000-25000185/31-03-2025 നമ്പർ വൗച്ചർ മുഖേന രേഖപ്പെടുത്തിയിട്ടുണ്ട്. 321001-CAPITAL CONTRIBUTION ഹെഡിൽ തൻവർഷം ടി ക്യാപിറ്റൽ ചെലവ് മാത്രമാണ് രേഖപ്പെടുത്തിയത്. മറ്റ് ഗ്രാന്റുകളിൽ നിന്ന് മൂലധന ചെലവുകൾക്ക് തുക ഉപയോഗിച്ചിട്ടുണ്ടെങ്കിലും ടി തുക ക്യാപിറ്റൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട്	ഗ്രാന്റ്	ചെലവ്
1	454/2025 - ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	44031
2	208/2025 - എച്ച് ഐ എൽ ന് സമീപം എം സി എഫ് നിർമ്മാണം	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	312488
3	259/2025 - ഫാക്ട് ജംഗ്ഷനിൽ ടേക്ക് എ ബ്രേക്ക്	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	154091
4	259/2025 - പുതിയറോഡ് ജംഗ്ഷനിൽ ടേക്ക് എ ബ്രേക്ക്	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	2855297
5	209/2025 - എസ് സി കോളനിയിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് വാർഡ് - 31	വികസനഫണ്ട് - എസ് സി പി	470736
6	233/2025 - നാല് സെന്റ് കോളനി പരിസരത്ത് മിനിമാസ്റ്റ് ലൈറ്റ് വാർഡ് - 31	വികസനഫണ്ട് - എസ് സി പി	235384

മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക ക്യാപിറ്റൽ ചെലവ് ഹെഡിൽ രേഖപ്പെടുത്തേണ്ടതാണ്.

1-1-3 ബാങ്ക് റിക്കൺസിലിയേഷൻ - ചെക്കുകളുടെ വിവരം ലഭ്യമല്ല.

നഗരസഭയുടെ ബാങ്ക് /ട്രഷറി അക്കൌണ്ടുകളുടെ ബാങ്ക് ബുക്കും പാസ്സ് ബുക്കും തമ്മിൽ വ്യത്യാസമുള്ളത് റീക്കൺസിൽ ചെയ്ത് കെ-സ്മാർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റീക്കൺസിൽ റിപ്പോർട്ടിൽ ചെക്ക് നമ്പർ (ഇൻസ്ട്രുമെന്റ് നമ്പർ), തീയതി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	അക്കൗണ്ട്	ബാങ്ക്ബുക്ക് ബാലൻസ്	പാസ്സ് ബുക്ക് ബാലൻസ്	വ്യത്യാസം റീക്കൺസിലിയേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയത്.
1	ബാങ്ക് ഓഫ് ബറോഡ Bob ഹെൽത്ത് ഗ്രാന്റ് - 92740100009981	5974050	6012924	Cheques Issued But Not Presented Into Bank =38874
2	എസ്.ബി.ഐ - ഈ പേ - 35964861748	44711353	44683367	Cheques Deposited But Not Collected = 27986
3	ബാങ്ക് ഓഫ് ബറോഡ തനത് ഫണ്ട് - 92740100002841	30679103	35579761	Cheques Issued But Not Presented Into Bank =3685329 Advance Month Voucher Adjustment = 1858942 Cheques Deposited But Not Collected = 643613
4	സബ്ട്രഷരി കളമശ്ശേരി - LGTSB 1167	(1140093)	0	Cheques Issued But Not Presented Into Bank =1140093

മേൽ ചേർത്തത് പ്രകാരം ബാങ്ക്ബുക്ക് ബാലൻസും പാസ്സ്ബുക്ക് ബാലൻസും തമ്മിലുള്ള വ്യത്യാസം റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

ക്രമനമ്പർ 3 ൽ Advance Month Voucher Adjustment = 1858942 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഏത് വൗച്ചറാണെന്ന വിവരം റീക്കൺസിൽ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ റീക്കൺസിലിയേഷൻ എൻട്രികളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-4 ബാങ്ക് ബുക്ക് ബാലൻസും പാസ്സ് ബുക്ക് ബാലൻസും തമ്മിൽ വ്യത്യാസമുണ്ടെങ്കിലും റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയില്ല.

ബാങ്ക് ഓഫ് ബറോഡ - Bob Literacy - 92740100002840 അക്കൗണ്ടിന്റെ 31-03-2025 ലെ ബാങ്ക് ബുക്ക് ബാലൻസ് 86577/- രൂപയാണ്. പാസ്സ്ബുക്ക് പ്രകാരം ബാലൻസ് ഇല്ല. പാസ്സ്ബുക്കിൽ 27-03-2025 ൽ 86577 രൂപ പിൻവലിച്ചതിന് ശേഷം ട്രാൻസാക്ഷൻ ഇല്ല. സാമ്പത്തിക വർഷാവസാനം ബാലൻസ് 0 ആണ്. എന്നാൽ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്സ്ബുക്ക് ബാലൻസ് 86577/- രൂപയായാണ് രേഖപ്പെടുത്തിയത്. ബാങ്ക് ബുക്ക് ബാലൻസും പാസ്സ് ബുക്ക് ബാലൻൽസും തമ്മിൽ 86577/- രൂപയുടെ വ്യത്യാസമുണ്ടെങ്കിലും റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ടി വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ല.

1-1-5 സ്ഥിര നിക്ഷേപങ്ങളുടെ പലിശ തെറ്റായി രേഖപ്പെടുത്തി

രസീത് നം. 043904511500087/22.05.23 Indian Oversees Bank Udyogmandal, രസീത് നം. 043904511500145/ 30.06.22 Indian Oversees Bank Udyogmandal എന്നീ രണ്ട് സ്ഥിര നിക്ഷേപ അക്കൗണ്ടുകളും, ക്ലീൻ കേരള കമ്പനി ലിമിറ്റഡിൽ 26.05.2014 ൽ നിക്ഷേപിച്ച ₹1000/- വീതമുള്ള 500 ഓഹരികളും 02.09.15 ൽ നിക്ഷേപിച്ച ₹1000/- വീതമുള്ള 2000 ഓഹരികളുമാണ് ഏലൂർ നഗരസഭക്ക് സ്ഥിര നിക്ഷേപമായുള്ളത്. വാർഷിക ധനകാര്യ പത്രികയിൽ 1701002 - Interest On Fixed Deposits ഹെഡിൽ 459010 രൂപ സ്ഥിരനിക്ഷേപം ഇനത്തിൽ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമാക്കിയ സ്ഥിര നിക്ഷേങ്ങളുടെ രേഖകൾ പ്രകാരം സ്ഥിര നിക്ഷേപങ്ങൾക്ക് തൻവർഷം 459010/- രൂപ പലിശ ലഭിച്ചിട്ടില്ല. 043904511500145/30.06.22 നമ്പർ ഡെപ്പോസിറ്റിന് ലഭിച്ച 80767/- രൂപയാണ് തൻ വർഷത്തെ പലിശ. 043904511500087/22.05.23 നമ്പർ ഡെപ്പോസിറ്റിന്റെ മെച്ചൂരിറ്റി തീയതി 22-05-2023 ന് ശേഷം 22-05-2025 ന് ആണ് (24 മാസം). തൻ വർഷം പലിശ ആയതിൽ നിന്ന് ലഭ്യമായിട്ടില്ല. അപാകം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/22-01-2026) 2023-24 ലെ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ ഫിക്സഡ് ഡെപ്പോസിറ്റ് ഹെഡിൽ (420800100) നീക്കിയിരിപ്പ് 2575441/- രൂപയാണ് രേഖപ്പെടുത്തിയതെന്നും സ്റ്റേറ്റ്മെന്റ് പരിശോധിച്ചത് പ്രകാരം 043904511500145 ഡെപ്പോസിറ്റിൽ 1385039/- രൂപയും 043904511500087 നമ്പർ ഡെപ്പോസിറ്റിൽ 1465926/- രൂപയും ചേർത്ത് ആകെ 2850965/- രൂപയുടെ നീക്കിയിരിപ്പുണ്ടായിരുന്നെന്നും വ്യത്യാസം 275524/- രൂപയോട് (2850965 – 1385039 = 275524) തൻ വർഷത്തെ പലിശ 183486/- രൂപ കൂട്ടിയ തുകയായ 459010/- രൂപയാണ് പലിശയിൽ ഉൾപ്പെടുത്തിയത് എന്നാണ് മറുപടി ലഭ്യമായത്. എന്നാൽ മേൽ സ്ഥിര നിക്ഷേപങ്ങളുടെ രസീതിൽ മേൽ ചേർത്ത പ്രകാരമുള്ള (1385039 & 1465926) നീക്കിയിരിപ്പ് വരുന്നത് 2025 മാർച്ച് മാസത്തിന് ശേഷമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 043904511500145 നമ്പർ ഡെപ്പോസിറ്റ് 30-06-2024 ൽ നീക്കിയിരിപ്പ് 1293455/- രൂപയും, 6.9 % പലിശയോടെ 30-06-2025 ൽ ആണ് 1385039/- രൂപയാകുന്നതെന്നും, 043904511500087 നമ്പർ ഡെപ്പോസിറ്റ് 22-05-2023 ൽ നീക്കിയിരിപ്പ് 1280986/- രൂപയും 6.8 % പലിശയോടെ 22-05-2025 ൽ ആണ് 1465926/- രൂപയാകുന്നതെന്നുമാണ് രസീതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. തെറ്റായ രേഖപ്പെടുത്തലുകൾ ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സ്ഥിര നിക്ഷേപങ്ങളുടെ പലിശ വാർഷിക ധനകാര്യ പത്രികയിൽ ശരിയായി രേഖപ്പെടുത്തേണ്ടതാണ്.

1-1-6 ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് - B-4 ഷെഡ്യൂൾ , B-17 ഷെഡ്യൂൾ എന്നിവ പ്രകാരം വ്യത്യാസം

ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയിൽ B-4 ഷെഡ്യൂൾ പ്രകാരം 1927407/- രൂപയാണ്. എന്നാൽ B-17 ഷെഡ്യൂൾ പ്രകാരം ആയതിന്റെ ബാങ്ക് അക്കൗണ്ടിലെ (CUB - 500101012704645) നീക്കിയിരിപ്പ് 3374026.8 രൂപയാണ്. 1446619.8 രൂപയുടെ വ്യത്യാസമുണ്ട്.

1-1-7 ഹെൽത്ത് ഗ്രാന്റ് വരവ് ചെലവുകൾ - ബാങ്ക് പാസ്സ്ബുക്ക്, വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ തമ്മിൽ വ്യത്യാസം

ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും രേഖപ്പെടുത്തുന്നത് ശരിയായ രീതിയലല്ല. അപാകതകൾ താഴെ ചേർക്കുന്നു.

1) ഹെൽത്ത് ഗ്രാന്റ് തുകയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് (പാസ്സ് ബുക്ക്) പ്രകാരമുള്ള പിൻവലിക്കൽ തുകയും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ്	ബാങ്ക് അക്കൗണ്ട്	ബാങ്ക് അക്കൗണ്ട് പിൻവലിക്കൽ പ്രകാരം ചെലവ്	സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ്
1	3201001 - Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres	BOB Health Grant - 92740100009981	3909940	118721	5759309
2	3201002 - Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	OB Diagnostic Infrastructure - 92740100009982	2562895	1931798	2229046

2) ഹെൽത്ത് ഗ്രാന്റ് തുകയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് തുകയും വാർഷിക ധനകാര്യ പത്രികയിലെ വരവും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

ക്രമ നമ്പർ	ഹെഡ്	ബാങ്ക് അക്കൗണ്ട്	ബാങ്ക് അക്കൗണ്ട് പ്രകാരം വരവ്	വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ്
1	3201001 - Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres	BOB Health Grant - 92740100009981	3185920	5626672
2	3201002 - Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	OB Diagnostic Infrastructure - 92740100009982	50356	50356

3201001 - Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres ഗ്രാന്റ് വരവ് തൻവർഷം വാർഷിക ധനകാര്യ പത്രിക പ്രകാരം 5626672/- രൂപയാണ് ലഭ്യമായത്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം വരവ് 3185920/- രൂപയാണ്.

ഈ ഹെഡിന്റെ ലെഡ്ജറിൽ 2751000/- രൂപ രണ്ട് തവണ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം ഒരു തവണയാണ് തൻ വർഷം ഈ വരവുള്ളത്. 10-09-2024 ൽ 310246/- രൂപ വരവ് വന്നതായി പാസ്സ്ബുക്കിൽ (ബാങ്ക് സ്റ്റേറ്റ്മെന്റ്) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ വരവ് ടി ഹെഡിന്റെ ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (34/27-01-2026) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-8 ഹെൽത്ത് ഗ്രാന്റ് ഹെഡിൽ തെറ്റായി ലെഡ്ജർ പോസ്റ്റിംഗ് ചെയ്തു.

ഏലൂർ നഗരസഭ പ്രധാനമായും 2 സ്കീമുകളിലായിട്ടാണ് ഹെൽത്ത് ഗ്രാന്റ് തുക വിഭജനം നടത്തിയിട്ടുള്ളത്. അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs) - (3201001), സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs - (3201002) എന്നീ ഹെഡുകളിലാണ് ഹെൽത്ത് ഗ്രാന്റ് തുകയുടെ ട്രാൻസാക്ഷൻ രേഖപ്പെടുത്തുന്നത്. 3201001 ഹെഡിലെ തുകകൾ BOB Health Grant - 92740100009981 നമ്പർ അക്കൗണ്ടിലും 3201002 ഹെഡിലെ ഹെഡിലെ തുകകൾ BOB Diagnostic Infrastructure - 92740100009982 നമ്പർ അക്കൗണ്ടിലുമാണ് സൂക്ഷിക്കുന്നത്. എന്നാൽ ടി ഹെഡുകൾ അല്ലാതെ 3201003 - Grants For Specific Purposes -Health Grant Towards Buildingless Subcentres, PHCs And CHCs എന്ന ഹെഡിൽ തൻ വർഷം 5,00,000/- രൂപ മുന്നിരിപ്പും 318021/- രൂപ ചെലവും 181979/- രൂപ നീക്കിയിരിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ടി ഹെഡ് പ്രകാരമുള്ള നീക്കിയിരിപ്പ് കാണുന്നില്ല. ടി ഹെഡിലെ ഹെൽത്ത് ഗ്രാന്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല. ടി ഹെഡ് ഹെൽത്ത് ഗ്രാന്റ് തുകക്ക് ഉപയോഗിക്കുന്നതാണെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും ഈ ഹെഡിലെ തുക ഏത് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നതെന്ന വിവരവും ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും ടി തുക ഹെൽത്ത് ഗ്രാന്റ് അല്ലെങ്കിൽ ഈ ഹെഡിൽ ട്രാൻസാക്ഷൻ രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (29/24-01-2026) നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമായില്ല. അപാകത്തിന് വിശദീകരണവും, മേൽ സൂചിപ്പിച്ച രേഖകളും ലഭ്യമാക്കേണ്ടതാണ്.

1-1-9 മുൻവർഷത്തെ വാടക വരവ് തൻവർഷത്തെ വാടകയായി രേഖപ്പെടുത്തി.

കെ എ സുബൈർ എന്നയാൾ പാതാളം ഷോപ്പിംഗ് കോംപ്ലക്സിലെ GF-16 കടമുറിയുടെ മുൻവർഷത്തെ വാടക കുടിശ്ശിക 243636/- രൂപ താഴെ ചേർത്ത രസീതുകൾ മുഖേന തൻ വർഷം അടവാക്കിയിട്ടുണ്ടെങ്കിലും ആയത് 4314015 – Rent Receivables From Local Body Properties (Current) എന്ന ഹെഡിലാണ് പോസ്റ്റ് ചെയ്തത്.

രസീത് നമ്പർ	തുക (ജി.എസ്.ടി, പിഴ പലിശ എന്നിവ ഇല്ലാതെ വാടക തുക മാത്രം)
R-M071000-24005097/02-09-2024	142121/-
R-M071000-24007684/09-10-2024	20303/-
R-M071000-24008253/06-11-2024	20303/-
R-M071000-24009206/10-12-2024	40606/-
R-M071000-24010844/15-01-2025	20303/-
ആകെ	243636/-

മേൽ തുകകളിൽ 4314016 – Rent Receivables From Local Body Properties (Arrear) ഹെഡിലേക്ക് 20303/- രൂപ മാത്രമാണ് 4314015 ഹെഡിൽ നിന്നും ട്രാൻസ്ഫർ എൻട്രി ചെയ്തത്. അവശേഷിക്കുന്ന 223333/- രൂപ 4314015 ഹെഡിൽ തൻവർഷത്തെ വരവായാണ് ചേർത്തത്. അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

1-2 ബജറ്റ്

07.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ ബജറ്റ് അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. കൗൺസിലിന്റെ 26.03.2025 ലെ 1(1) നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

	കരട് ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരുപ്പ്	₹99701673	₹112939737
വരവ്	₹614622200	*₹390953759*
ആകെ	₹714323873	*₹503893496*
ചെലവ്	₹689011600	*₹434559878*
നീക്കിയിരുപ്പ്	₹25312273	*₹69333618*

കരട് ബജറ്റ് പ്രകാരവും പുതുക്കിയ ബജറ്റ് പ്രകാരവും മുന്നിരിപ്പ് വ്യത്യാസമുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 293 പ്രകാരം മുനിസിപ്പാലിറ്റികളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ഫോറത്തിലും രീതിയിലും തയ്യാറാക്കുന്നതിനും ആയതിന് മാറ്റങ്ങളില്ലാതെയോ മാറ്റങ്ങളോടുകൂടിയോ കൗൺസിൽ അംഗീകാരം നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരുപ്പ്	:	₹112939737.00
ഓഡിറ്റ് വർഷത്തെ വരവ്	:	₹184896820.80
ആകെ	:	₹297836557.80
ഓഡിറ്റ് വർഷത്തെ ചെലവ്	:	₹177205890.00
നീക്കിയിരുപ്പ്	:	₹120630667.80

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ-ചെലവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഫണ്ട്	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)	ലാപ്സായ തുക (₹)
വികസനഫണ്ട്-ജനറൽ	0	21955000	21955000	16415963	0	5539037
വികസനഫണ്ട്-SCP	0	16635000	16635000	14194429	0	2440571
വികസനഫണ്ട്-TSP	0	581880	581880	365080	0	216800
CFC Grant-Tied(bank)	2902391	13062616	16986481	12863915	1927407	0
CFC Grant-Tied(treasury)		6606184	6606184	6606184		0
CFC Grant -Basic(bank)		8624673+ 423112(പലിശ) = 9047785	9047785	10221470		0
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	0	13781000	13781000	12486166	0	1294834
മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്	0	8525000	8525000	8524994	0	6
Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres – 3201001	6106687	5626672	11733359	5759309	5974050	0
Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To	2547343	50356	2597699	2229046	368653	0

The PHCs – 3201002						
Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs – 3201003	500000	0	500000	318021	181979	0
Basic Services To The Urban Poor – 3201008	344009	9686	353695	0	353695	0
Prime Minister S Awas Yojana (PMAY) - General – 3201011	1314033	10074414	11388447	10465950	922497	0
Prime MinisterS Awas Yojana (PMAY) – Minorities –3201012	6731137	271938	7003075	0	7003075	0
Intergrated Child Development Service – 3201020	732481	2225847	2958328	1278732	1679596	0
Swaccha Bharat Mission - Solid Waste Management – 3201029	568105	2752058	3320163	2252058	1068105	0
Swaccha Bharat Mission - IEC– 3201030	3808860	1559508	5368368	1559508	3808860	0
Amrut(Atal Mission For Rejuvanation Of Urban Transformation – 3201037	0	1786420	1786420	1786420	0	0
NULM – 3201040	0	578720	578720	578720	0	0
Grants/Funds For Pandemic/ Epidemic Control – 3202011	4470	75141	79611	0	79611	0
Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly – 3202017	0	590185	590185	590185	0	0
Grants For Specific Purposes - Disaster Management – 3202028	200000	200000	400000	0	400000	0
Grant From Other Government Agencies – 3203001	134264	1368426.8	1502690.8	60550	1442140.8	0
Other Grants & Contributions For Specific Purposes – 3208099	0	2421092	2421092	421200	1999892	0
Grant For Shelter Homes/ Rescue Shelters – 3202036	530645	736531	1267176	110950	1156226	0

കുറിപ്പ് :-

1) വികസനഫണ്ട്-(ജനറൽ) നിന്നും ലോൺ തിരിച്ചടവിനായി ₹8,66,667/-, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ ₹12,70,200/- എന്നിവ ജി.ഒ. പ്രോജക്ട് ഇനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

2) മേൽ ചേർത്തവയിൽ 3202017 – ഹെഡിന്റെ ചെലവായ 590185 രൂപ മൂലധന ചെലവായും അവശേഷിക്കുന്ന ഗ്രാന്റുകളുടെ ചെലവ് റെവന്യൂ ചെലവായുമാണ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയത്.

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം	ഭാഗികമായി നടപ്പാക്കിയത്. എണ്ണം	നടപ്പാക്കാത്തവ. എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
385	32,83,97,799	122314824	185	154	46	48.05

* ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ.പ്രോജക്ട് പ്രകാരം ക്രമീകരിച്ചിട്ടുള്ള ₹21,36,867/- അടങ്കലിൽ ഉൾപ്പെടുന്നുണ്ട്.

1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്(₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരുപ്പ്(₹)
ഭരണചെലവുകൾ	42868	3256253	3299121	3228537	70584
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5446253	5446253	5446253	0
ആകെ	42868	8702506	8745374	8674790	70584

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	334400	19
വിധവാപെൻഷൻ	18488900	1192
വാർദ്ധക്യകാല പെൻഷൻ	45344900	3059
വികലാംഗപെൻഷൻ	3814600	244
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	897200	57
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	180000	6

1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2026 തീയതിയിൽ ഉച്ചയ്ക്ക് 01:00 PM സമയത്ത് സ്ഥാപന മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹4393/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പല വരവ് ചെലവ് കണക്കുകളുടേയും (ഗ്രാന്റുകൾ ഉൾപ്പെടെ) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കൃത്യത ഉറപ്പാക്കുന്നില്ല. വാർഷിക ധനകാര്യ പത്രിക വളരെ കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്. ഹെൽത്ത് ഗ്രാന്റ് കണക്കുകൾ സുലേഖ ചെലവ് പത്രിക, വരവ് ചെലവ് കണക്കുകൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കുന്ന തുകകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ നിർവ്വഹണ ഏജൻസികളിൽ നിന്ന് തിരികെ ഈടാക്കുന്നില്ല.
3. ആംബുലൻസ് വരവ് ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തപ്പെടുന്നില്ല.
4. പൊതു ടാപ്പുകളുടേയും തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
5. നഗരസഭ ലീസിനു എടുത്തിട്ടുള്ള പാതാളം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം നഗരസഭ ആസ്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
6. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.
7. പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പാക്കപ്പെടുന്നില്ല.

1-10 കെ സ്മാർട്ട് സോഫ്റ്റ്‌വെയർ - പരിമിതികൾ

1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 11 പ്രകാരം നഗരസഭ കേരള മുനിസിപ്പാലിറ്റി ആക്ട് 294(1) -ാം വകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ ധനകാര്യ സ്റ്റേറ്റ്മെന്റ് സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം, അതായത് ജൂലൈ 31 -ാം തീയതിക്കകം ഓഡിറ്റിനായി നൽകേണ്ടതാണ്. എന്നാൽ ഏലൂർ നഗരസഭയുടെ 2024-25 ലെ ധനകാര്യ സ്റ്റേറ്റ്മെന്റ് ഓഡിറ്റിനായി സമർപ്പിച്ചത് 30.11.2025 നാണ്.

ഓഡിറ്റിനായി ലഭ്യമാക്കിയ വാർഷികകണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി രൂപീകരിച്ച പുതിയ വിവര കേന്ദ്രീകൃത സേവനപ്രദാന സംവിധാനമായ "കെ- സ്മാർട്ട്" മുഖേനയാണ്. ഇതിലൂടെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കാനുണ്ടായ കാലതാമസമാണ് ചട്ടപ്രകാരം കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുവാൻ കാലതാമസം വരുത്തിയത് എന്നാണ് വിശദീകരണം ലഭിച്ചിട്ടുള്ളത്.

നിലവിൽ 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളത് നഗരസഭാ സെക്രട്ടറി ഓഡിറ്റർക്കായി അനുവദിച്ചിട്ടുള്ള ലോഗിൻ സംവിധാനത്തിലൂടെയാണ്. ഓഡിറ്റീ സ്ഥാപനം നൽകുന്ന ലോഗിനിൽ ഓഡിറ്റിനാവശ്യമായ എല്ലാ പ്രിവിലേജുകളും ലഭ്യമാക്കിയിട്ടില്ല. ഇത് ഓഡിറ്റിനെ ഓഡിറ്റീ സ്ഥാപനത്തിൽ നിന്നും സ്വതന്ത്രമാക്കി നിർത്തണം എന്ന ഓഡിറ്റിന്റെ അടിസ്ഥാന തത്ത്വത്തിന് വിരുദ്ധമാണ്.

പ്രധാന പരിമിതികൾ

1. റിക്കൺസിലിയേഷൻ റിപ്പോർട്ട്.

കെ.സ്മാർട്ട് പ്രകാരമുള്ള Reconcile Report ൽ പണമാക്കാത്ത ചെക്കുകളുടെയും കളക്ഷൻ ആകാത്ത ചെക്കുകളുടെയും നമ്പർ, തീയതി, തുക തുടങ്ങിയ വിശദമായ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ആയവ അക്കൗണ്ടന്റിന്റെ ലോഗിനിൽ ലഭ്യമാണെന്നാണ് നഗരസഭ രേഖാമൂലം അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് ലോഗിനിൽ പ്രിവിലേജ് നൽകാത്തതിനാൽ ഇക്കാര്യം ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പാക്കുവാൻ ആകുന്നില്ല.

2.വസ്തുനികുതി പരിശോധിക്കുന്നതിന് നഗരഭ ലഭ്യമാക്കിയ കെ - സ്മാർട്ട് ഓഡിറ്റർ ലോഗിനിലെ പരിമിതികൾ

I) സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക രേഖപ്പെടുത്തിയിരുന്നെങ്കിലും കെ-സ്മാർട്ടിൽ ബാലൻസ് രേഖപ്പെടുത്തുന്നില്ല. ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ മാത്രമാണ് പരിശോധിക്കാനാവുന്നത്. പഴയ കെട്ടിടങ്ങളുടെ ബാലൻസ് സഞ്ചയയിൽ രേഖപ്പെടുത്തിയിരുന്നത് കെ-സ്മാർട്ടിലേക്ക് ചേർക്കുകയോ നിലവിലെ ബാലൻസ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ കെട്ടിട നികുതി അടവാക്കാത്ത ഓരോ കെട്ടിടത്തിന്റേയും ആകെ വസ്തുനികുതി കുടിശ്ശിക കണക്കാക്കാനാകുന്നില്ല. സഞ്ചയയിലുണ്ടായിരുന്ന ഓരോ കെട്ടിടത്തിന്റേയും വസ്തുനികുതി കുടിശ്ശിക കെ-സ്മാർട്ടിൽ കൃത്യമായി രേഖപ്പെടുത്തിയോ എന്നത് പരിശോധിക്കാനാകുന്നില്ല.

Ii) സഞ്ചയയിൽ പുതിയതായി സൈൻ ചെയ്യുന്ന കെട്ടിടങ്ങൾ എല്ലാ വാർഡിലേയും പൂർണ്ണമായി വർഷം/ തീയതി തിരിച്ച് Sort ചെയ്യാമായിരുന്നു(REPORT > File Process Report > New Buildings, Supplementery Register). എന്നാൽ കെ-സ്മാർട്ടിൽ ആയത് സാധിക്കുന്നില്ല. വാർഡ് തിരിച്ചുള്ള അസസ്സ്മെന്റ് രജിസ്റ്റർ മാത്രമാണ് ലഭ്യമാവുന്നത്. 30 വാർഡുകളുള്ള നഗരസഭയിലെ ഓരോ വാർഡിന്റേയും അസസ്സ്മെന്റ് രജിസ്റ്റർ പ്രത്യേകം ഡൌൺലോഡ് ചെയ്ത് ആയതിൽ അവസാനത്തെ കോളം Assessment Fromഫിൽട്ടർ ചെയ്താണ് പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിക്കാനാവുന്നത്. ഈ ഓപ്ഷനിൽ എല്ലാ പുതിയ കെട്ടിടങ്ങളും ഉൾപ്പെട്ടോ എന്നും വ്യക്തമല്ല. തൻവർഷം നഗരസഭ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ഒന്നിച്ച് Sort ചെയ്യാനാകുന്നില്ല.

Iii) സഞ്ചയയിൽ Search > Building Details > Functionality Option ൽ കെട്ടിടത്തിന്റെ ഉപയോഗക്രമ പ്രകാരം നഗരസഭയിലെ എല്ലാ വാർഡുകളിലേയും എല്ലാ കെട്ടിടങ്ങളേയും ഒന്നിച്ച് Sort ചെയ്ത് തെരഞ്ഞെടുക്കാമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയതിനുള്ള Option ഇല്ല. Reports > Building Details > Building List Reports> Building Usage ഓപ്ഷനിൽ വാർഡ് നമ്പറും Subusage ഉം സെലക്ട് ചെയ്ത് മാത്രമുള്ളതാണ് കെ-സ്മാർട്ടിലെ ഓപ്ഷൻ.ഓരോ വാർഡിലേയും പ്രത്യേകമായും അതിൽ ഓരോ Building Usage ന്റേയും Subusage പ്രത്യേകമായുമാണ് Sort ചെയ്യാനാകുന്നത്. നഗരസഭയിലെ ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളെ പൂർണ്ണമായി Sort ചെയ്യാനുള്ള ഓപ്ഷൻ കെ-സ്മാർട്ടിൽ ഇല്ല. ടി തെരഞ്ഞെടുപ്പിന് Reports > Building Details > Building List Reports> Building Usage മാത്രം സെലക്ട് ചെയ്താൽ നഗരസഭയിലെ സെലക്ട് ചെയ്ത ഉപയോഗക്രമത്തിലെ എല്ലാ കെട്ടിടങ്ങളും ലഭിക്കുമായിരുന്ന സെർച്ച് ഓപ്ഷനായിരുന്നു നിലവിലുള്ളതിനേക്കാൾ അഭികാമ്യം.

Iv) Unauthorised കെട്ടിടങ്ങളുടെ കെട്ടിട നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ സഞ്ചയയിൽ Building Detailsൽ Building Type ൽ Sort ചെയ്ത് ലഭിക്കുമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയത് ലഭ്യമല്ല.

V) കെ-സ്മാർട്ടിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പ്ലാൻ ഡൌൺലോഡ് ചെയ്താൽ മാത്രമാണ് പരിശോധിക്കാനാവുന്നത്. ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ കെ-സമാർട്ടിൽ നിന്ന് ഡൌൺലോഡ് ചെയ്ത്

പരിശോധിച്ചെങ്കിലും രേഖപ്പെടുത്തലുകൾ വ്യക്തമല്ല. ഇവയുടെ കംപ്ലീഷൻ പ്ലാൻ വ്യക്തമല്ലാത്ത തരത്തിലാണ് കെ-സ്മാർട്ടിൽ അപ് ലോഡ് ചെയ്തത്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റേയും അനുബന്ധ വിവരങ്ങളുടേയും വിവരങ്ങൾ വ്യക്തമല്ല. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കാനായില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

19/384/C (ഗോഡൗൺ - 1481.95 ച.മീ), 19/394/D (ഗോഡൗൺ - 510 ച.മീ)

Vi) കെ-സ്മാർട്ടിൽ ചില കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങളിൽ കംപ്ലീഷൻ പ്ലാൻ ചേർത്തിട്ടില്ല. ഇവയുടെ വസ്തുനികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിക്കാനായില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

എ)13/48/A (ഗോഡൗൺ - 686.87 ച.മീ), 13/48/A2 (ഗോഡൗൺ - 67.65 ച.മീ)

ബി) 14/332/B (പാർപ്പിടം - 299.64 ച.മീ)

സി) 15/378/B (പാർപ്പിടം - 325 ച.മീ)

ഡി) 16/11/B (വാണിജ്യാവശ്യം - 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ളവ - 255.96 ച.മീ)

ഇ) 24/157/C (പാർപ്പിടം - 398.27 ച.മീ)

Vii) ചില കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങളിൽ ഫോം-6 ഡൗൺലോഡാകുന്നില്ല. Failed To Load Pdf File എന്നാണ് ഫോം - 6 ൽ പ്രവേശിക്കുമ്പോൾ കാണുന്ന നിർദ്ദേശം. ആയതിനാൽ ഇവയുടെ വസ്തുനികുതി നിർണ്ണയം പരിശോധിക്കാനായില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

24/181/E (പാർപ്പിടം - 215.28 ച.മീ)

Viii) ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ റോഡ് വിവരം ചേർത്തിട്ടില്ല. ഉദാഹരണം - 24/181/E

Ix) സഞ്ചയയിൽ സൈൻ ചെയ്തിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ കെ-സ്മാർട്ടിൽ ലഭ്യമല്ല. ഇവയുടെ കളക്ഷൻ ഡിമാന്റ് വിവരങ്ങൾ ലഭ്യമാകുന്നുണ്ടെങ്കിലും വസ്തുനികുതി നിർണ്ണയ വിവരങ്ങൾ ലഭ്യമല്ല. കെ-സ്മാർട്ടിൽ പുതിയതായി ചേർക്കുന്ന കെട്ടിടങ്ങളുടെ മാത്രം വസ്തുനികുതി നിർണ്ണയ വിവരങ്ങളാണ് പരിശോധിക്കാനാകുന്നത്.

X) ഓഡിറ്റ് വർഷം വേക്കൻസി റമിഷൻ അംഗീകരിച്ച് നികുതി ഒഴിവാക്കി നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം, നികുതി ഒഴിവാക്കി നൽകിയിട്ടുള്ള എക്സ് സർവ്വീസ്മെന്റെ കെട്ടിടങ്ങളുടെ വിവരം, നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 60 ച.മീ. താഴെ വരുന്ന കെട്ടിടങ്ങൾ എന്നിവയുടെ വിവരം എന്നിവ ഒന്നും തന്നെ ഓഡിറ്റർ ലോഗിനിലൂടെ കെ-സ്മാർട്ടിൽ നിന്നും ലഭ്യമാകുന്നില്ല.

3) രസീത് പരിശോധന

Receipt Cancelled Report ൽ ഒരു ദിവസത്തെ മാത്രവും ഒരു കൗണ്ടർ മാത്രവും സെലക്ട് ചെയ്താണ് സെർച്ച് ചെയ്യാനാകുന്നത്. ഒരു സാമ്പത്തിക വർഷം ക്യാൻസൽ ചെയ്ത എല്ലാ കൗണ്ടറുകളിലേയും രസീതുകളുടെ വിവരം പരിശോധിക്കാൻ സെർച്ച് ഓപ്ഷൻ ഇല്ല.

4) കെട്ടിട നിർമ്മാണ പെർമ്മിറ്റ്

ചില കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫയലിൽ പാർക്കിംഗ് പ്ലാൻ അപ്‌ലോഡ് ചെയ്തിട്ടില്ല. പഞ്ചായത്തിൽ പ്ലാൻ ലഭ്യമല്ല. ആയതിനാൽ നിയമാനുസൃതമായ പാർക്കിംഗ് സൗകര്യം കെട്ടിടത്തിനുണ്ടോ എന്ന് പരിശോധിക്കാനാകുന്നില്ല. ചില വസ്തുനികുതി നിർണ്ണയ ഫയലുകളിലും കംപ്ലീഷൻ പ്ലാനോടൊപ്പം പാർക്കിംഗ് പ്ലാൻ അപ് ലോഡ് ചെയ്തിട്ടില്ല.

ഈ അപാകതകൾ പരിഹരിക്കുന്നതിനായി വിഷയം ഇൻഫർമേഷൻ കേരള മിഷന്റെ ശ്രദ്ധയിൽപ്പെടുത്താമെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

1-11 വസ്തുനികുതി 01-04-2023 തീയതി പ്രാബല്യത്തിൽ നിർണ്ണയിച്ചില്ല

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 26/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഏലൂർ നഗരസഭ പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 10-08-2023 ലെ 8-ാം നമ്പർ നഗരസഭ കൗൺസിൽ തീരുമാന പ്രകാരം 06-10-2023 ൽ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ സർക്കാർ വിജ്ഞാപന പ്രകാരവും, നഗരസഭയുടെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടത്.

01-04-2023 തീയതിക്ക് ശേഷം വസ്തുനികുതി നിർണ്ണയിക്കപ്പെട്ട പല കെട്ടിടങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിലവിലും പുനർ നിർണ്ണയിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ)	സഞ്ചയയിൽ സൈൻ ചെയ്തത്	പഴയ നിരക്കിൽ നിർണ്ണയിച്ചത്		പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത്	
				ഉപയോഗ ക്രമം	അടിസ്ഥാന വസ്തുനികുതി നിരക്ക്/ ച.മീ (2023)	ഉപയോഗക്രമം	അടിസ്ഥാന വസ്തുനികുതി നിരക്ക്/ ച.മീ (2023)
1	14/212/A	73.25	03-08-2023	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	65	വാണിജ്യാവശ്യം - 100 ച.മീ വരെയുള്ളവ	70
2	4/474/E	52.31	06-10-2023	“	65	“	70
3	4/474/C	24.16	05-07-2023	“	65	“	70
4	22/310/A	20.73	03-11-2023	“	65	“	70
5	22/310/B	20.73	03-11-2023	“	65	“	70
6	19/305/A	57.35	03-11-2023	“	65	“	70
7	19/305/B	30.61	03-11-2023	“	65	“	70
8	7/162/A	256.75	16-06-2023	പാർപ്പിടാവശ്യം	6	സ്വന്തം താമസത്തിനു പയോഗിക്കുന്ന പാർപ്പിടങ്ങൾ ഹോംസ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്നത്) 300 ച.മീ വരെയുള്ളവ	9
9	5/350/A	235.69	03-11-2023	“	6	“	9
10	19/305/C	209.52	03-11-2023	“	6	“	9
11	25/424/A	190.41	06-07-2023	“	6	“	9
12	24/201/E	159.52	20-07-2023	“	6	“	9
13	24/108/B	170.06	03-08-2023	“	6	“	9
14	22/33/B	171.33	03-08-2023	“	6	“	9
15	26/363/A	150.68	03-11-2023	“	6	“	9
16	22/310/C	164.09	03-11-2023	“	6	“	9
17	21/9/A	195.96	03-11-2023	“	6	“	9

18	21/9/B	204.84	03-11-2023	“	6	“	9
19	18/410/C	145.99	04-08-2023	“	6	“	9
20	23/214/A	165.85	04-11-2023	“	6	“	9

മേൽ സൂചിപ്പിച്ച വിഭാഗം കെട്ടിടങ്ങൾക്ക് സർക്കാർ വിജ്ഞാപനം, നഗരസഭയുടെ വസ്തുനികുതി അന്തിമ വിജ്ഞാപനം എന്നിവ പ്രകാരം പുതിയ ഉപയോഗ ക്രമം നൽകി വസ്തുനികുതി നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/25-01-2026) ടി കെട്ടിടങ്ങൾക്ക് കെ – സ്മാർട്ട് സോഫ്റ്റ് വെയർ മുഖേന നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച്, കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. സമാനമായി 01-04-2023 മുതൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട മറ്റ് കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം ശരിയാണോ എന്ന് പരിശോധിച്ച് അപാകം പരിഹരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-12 സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലുള്ള കെട്ടിട നിർമ്മാണം - ഫീസ് അടവാക്കാതെ പെർമ്മിറ്റ് അനുവദിച്ചു.

2018 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ(ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 12(9) പ്രകാരം സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ, അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും 100/- രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്ത പട്ടികയിൽ സൂചിപ്പിച്ചയാൾക്ക് സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ 3000 ച.അടിയിൽ കൂടുതൽ കെട്ടിട നിർമ്മാണത്തിന് പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും ടി ഫീസ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

അപേക്ഷിതാവിന്റെ പേര്	ഫയൽ നമ്പർ, പെർമ്മിറ്റ് നമ്പർ	പെർമ്മിറ്റ് അനുവദിച്ച സർവ്വേ നമ്പർ	സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമി	പെർമ്മിറ്റ് നൽകിയ തറ വിസ്തീർണ്ണം	3000 ച.അടിയേക്കാൾ കൂടുതലായി നിർമ്മിക്കുന്ന വിസ്തീർണ്ണം	ചട്ടം 12(9) പ്രകാരം ഒടുക്കേണ്ട ഫീസ് (₹)
അബൂബക്കർ ടി എ, താമരശ്ശേരി ഹൗസ്, ഇടപ്പള്ളി, എറണാകുളം & ഭരത് തോട്ടുമൂല, റസീന മുഹമ്മദ്	ഫയൽ നമ്പർ - 1126185-2024, പെർമ്മിറ്റ് നമ്പർ - BP/26191/2025 തീ. 31-05-2025	നോർത്ത് പറവൂർ താലൂക്ക് ഏലൂർ വില്ലേജിൽ സർവ്വേ നമ്പർ 167/103 = 22 ച.മീ, 167/119 = 116 ച.മീ, 167/125= 212 ച.മീ ആകെ = 350 ച.മീ	167/119 = 116 ച.മീ, 167/125 = 212 ച.മീ ആകെ = 328 ച.മീ.	538.2 ചമീ (5793.1365 ച.അടി)	2793.1365 ച.അടി	279313

മേൽ സൂചിപ്പിച്ചവർ 2018 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ(ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 12(9) പ്രകാരം സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ 3000 ചതുരശ്ര അടിയിൽ കൂടുതലുള്ള കെട്ടിട നിർമ്മാണത്തിന് അധിക ഫീസ് ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയിട്ടുണ്ടെങ്കിലോ ഇവർക്ക് ഫീസിളവ് ലഭിച്ചിട്ടുണ്ടെങ്കിലോ ടി ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് റവന്യൂ അധികാരികളിൽ നിന്ന് അനുവാദം

ലഭിച്ചിട്ടുണ്ടെങ്കിലോ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/19-01-2026) ടി ഫീസ് അടവാക്കുന്നതിന് 24-01-2026 ന് നോട്ടീസ് നൽകി എന്ന് മറുപടി ലഭ്യമായി. ടി ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് ടിയാൾക്ക് ഇളവ് ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 2018 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ(ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 12(9) പ്രകാരം അധിക ഫീസ് ബന്ധപ്പെട്ട വകുപ്പിൽ അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെ-സ്മാർട്ട് ലൈസൻസ് രജിസ്റ്റർ പ്രകാരം 799 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററുകൾ പ്രകാരം ആകെ 294 സ്ഥാപനങ്ങളാണുള്ളത്. ലൈസൻസ് എടുത്ത എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17 -1 /21-01-2026) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് എടുത്ത് നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളിലും ജീവനക്കാരില്ല എന്ന് അറിയിച്ചിട്ടുണ്ട് .

2. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 257 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്ന ഓഡിറ്റ് എൻക്വയറിക്ക് (17 -2 /21-01-2026) ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒരു അർദ്ധ വർഷം മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയത്. രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09 -1 /20-01-2026) മറുപടി ലഭ്യമാക്കിയില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം (അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേൺ ഉൾപ്പടെ) അറിയിക്കേണ്ടതാണ്.

ക്രമ നമ്പർ	സ്ഥാപനം	ഈടാക്കാത്ത അർദ്ധവർഷം
1	ഫാൽക്കൺ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്	I
2	അപ്പോളോ ഫാർമസി	II
3	റെഡ്ഡി എൻജിനീയേഴ്സ്	II
4	ACE ലോജിസ്റ്റിക്സ്	I
5	ബോഡി ഗിയർ	I
6	G-4-S സെക്വർ സൊല്യൂഷ്യൻസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്	I
7	ഏഷ്യൻ പെയിൻസ് EFF ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്	II
8	അമേയ്സ് ഓട്ടോമോട്ടീവ്	I, II
9	കെയ് പീ ടയേഴ്സ്	I, II
10	അർബൻ ഹെൽത്ത് & വെൽനസ് സെന്റർ, പാതാളം	II
11	അർബൻ ഹെൽത്ത് & വെൽനസ് സെന്റർ, ഏലൂർ	II
12	BSES	I
13	ലക്ഷ്മി സർജിക്കൽസ്	II

14	ലിവ് പ്യൂർ പ്രൈവറ്റ് ലിമിറ്റഡ്	II
15	നെക്സ്റ്റ് കെയർ പോളിക്ലിനിക്	I, II
16	ഗ്ലാൻസ എൻജിനീയറിംഗ്	I, II
17	മഹാലക്ഷ്മി ഫ്യൂവൽസ്	I, II
18	സിത്താര ഗ്രൂപ്പ്	I, II
19	സാനഡി ഫൗൺഡെയ്ൻ & അക്വാ പ്രോജക്ട്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്	I, II
20	നോവാ സർജിക്കൽസ്	II
21	കെമ്റോൺ വുഡ്പ്ലാസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ്	II
22	ഹോമോ സാപ്പിയൻസ്	I, II
23	സ്റ്റെൽത്ത് ഡയറ്റ് ഹോസ്പിറ്റാലിറ്റി, സെന്റ്. ജോസഫ് ഹോസ്പിറ്റൽ, മഞ്ഞുമ്മൽ	II
24	ആയുർനികേതൻ	II
25	പോലീസ് സ്റ്റേഷൻ, ഏലൂർ	I, II

4) I.F.T.E & O.S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (17 (3) /21-01-2026) നൽകിയതിന്റെ മറുപടിയായി പ്രധാൻമന്ത്രി ജൻ ഔഷധി കേന്ദ്രം, ശാലോം കേറ്ററിംഗ്, അമൃത സാഗർ ഫാർമ, എസ്. കെ ആയുർവേദ ക്ലിനിക്ക് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം (അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേൺ ഉൾപ്പടെ) അറിയിക്കേണ്ടതാണ്.

ക്രമ നം	സ്ഥാപനം	കെട്ടിട നമ്പർ
1	ഡോ കെ എസ് ഗംഗാധരൻ മെമ്മോറിയൽ ആയുർവേദിക് ഹോസ്പിറ്റൽ (ഗംഗാ രത്ന)	451/A
2	പ്രകൃതി ആയുർവേദ ഹോസ്പിറ്റൽ	116/A
3	നെക്സ്റ്റ് കെയർ പോളിക്ലിനിക്	284/ K1,K2,K3,K4
4	ബയോനോക്സ് ബയോടെക്	402/B
5	മെഡി കെയർ ലബോറട്ടറി	282/A

5) 2024-2025 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17 – 4 /21-01-2026) മറുപടി ലഭ്യമായിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച ഫയലുകൾ, ലഡ്ജറുകൾ, തൊഴിൽ നികുതി രജിസ്റ്റർ, എന്നിവ പരിശോധിച്ചതു പ്രകാരം സ്പ്രിഗ്ഗൻ ഗാർഡനർ പ്രൈവറ്റ് ലിമിറ്റഡ്, FACT ഉദ്യോഗമണ്ഡൽ സ്കൂൾ, FHC ഏലൂർ, 24 * 7 PHC ഏലൂർ, മെഗാ ഫോംസ്, കസ്തൂർബ ഇംഗ്ലീഷ് മീഡിയം സീനിയർ സെക്കൻഡറി സ്കൂൾ, മഞ്ഞുമ്മൽ, സെന്റ്. ജോസഫ്സ് ഹോസ്പിറ്റൽ ട്രസ്റ്റ്, മഞ്ഞുമ്മൽ, കർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & കൊമേഴ്സ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ ₹12300/- കുറവുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

1-15 IFTE&OS ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

കെ-സ്മാർട്ടിലെ IFTE & OS ലൈസൻസ് മൊഡ്യൂൾ പരിശോധിച്ചതിൽ, ഏലൂർ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തനത്തിനാവശ്യമായ 2024–25 സാമ്പത്തിക വർഷത്തെ

ലൈസൻസ് ഫീസ് അടവാക്കിയിട്ടില്ല എന്ന് കണ്ടെത്തിയിരിക്കുന്നു.

ക്രമ നം	സ്ഥാപനം	വാർഡ് നമ്പർ/ കെട്ടിട നമ്പർ	ഈടാക്കേണ്ട ലൈസൻസ് ഫീസ് (₹)
1	പൗലോസ് ആന്റ് മാത്തൻ പ്രൈവറ്റ് ലിമിറ്റഡ്	6/224/, 225/, 226/	1000/-
2	അലൂമിനിയം ഗ്രീൻ ഫാബ്	27/274/	2960/- (ഫൈൻ ഉൾപ്പെടെ)
3	എക്സലോൺ ഹൈ ഫാബ്സ് & കോൺട്രാക്ടേഴ്സ്	30/58/B,C,D,E	5000/-
4	സീ യെം ഔഷധി	19/190/	1000/-
5	മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്	28/199/	15000/-
6	ശാലോം കാറ്ററിംഗ്	8/360/	500/-

മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ, അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 16, തീയതി 21.01.2026)-യ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയെങ്കിലും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്. അതുമായി ബന്ധപ്പെട്ട് നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ, ടി സ്ഥാപനങ്ങളിൽ നിന്ന് ബാധകമായ നിശ്ചിത ലൈസൻസ് ഫീസ് പിഴ സഹിതം ഈടാക്കി, അതുമായി ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-16 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 313, 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭാ പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. 2024-25 സാമ്പത്തിക വർഷത്തിലെ K-Smart ലെ ലൈസൻസ് അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങൾ 2024-25 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	വാർഡ് നമ്പർ	കെട്ടിട നമ്പർ
1	ഡോ കെ എസ് ഗംഗാധരൻ മെമ്മോറിയൽ ആയുർവേദിക് ഹോസ്പിറ്റൽ (ഗംഗാ രത)	18	451/A
2	വിഘ്നേശ്വര ആയുർവേദ ക്ലിനിക്ക്	23	27/M
3	ആയുർനികേതൻ	19	286/
4	ഐശ്വര്യ മെഡിക്കൽസ്	10	190/
5	പ്രകൃതി ആയുർവേദ ഹോസ്പിറ്റൽ	23	116/A
6	ശങ്കർ ഫാർമസി ക്ലിനിക്	18	450/
7	കാർത്തിക് ഡെന്റൽ ക്ലിനിക്	15	239/
8	D CARE DENTAL CLINIC	4	474/E
9	അമൃത സാഗർ ഫാർമ	8	88/
10	മെഡി കെയർ ലബോറട്ടറി	1	282/A
11	ട്രസ്റ്റ് ഫാർമ	24	279/A1, 279/A2
12	എസ് കെ ആയുർവേദ ക്ലിനിക്ക്	23	192/B
13	പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രം	23	131/C

14	നെക്സ്റ്റ് കെയർ പോളിക്ലിനിക്	21	284/ K1,K2,K3,K4
15	പോപ്പുലർ ദന്ത് കെയർ	25	113,113
16	ബയോനോക്സ് ബയോടെക്	28	402/B
17	ലൈഫ് ലൈൻ ഫാർമ	26	72/A
18	മാൻകൈൻഡ് ഫാർമ ലിമിറ്റഡ്	27	276/A,C
19	മെഡി കെയർ ലബോറട്ടറി	1	282/A
20	കാഡ്കോ സഹകരണ മെഡിക്കൽ ലാബ് & മെഡിക്കൽ സ്റ്റോർ	10	233,234

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 21.01.2026 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12-ന് മറുപടി ലഭ്യമാക്കിയില്ല. മുൻസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും പാരാ മെഡിക്കൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 507, 1999ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭ പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുമ്പ് തന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം 3(3) പ്രകാരം നഗരസഭ ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. താഴെപ്പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെയാണ് പ്രവർത്തിച്ച് വരുന്നത്.

ക്രമ നം	സ്ഥാപനം
1	ട്യൂട്ടിലെഡ്ജ് ഓൺലൈൻ ട്യൂഷൻ, പാതാളം
2	നെക്സ്റ്റ് ജെൻ ട്യൂട്ടർ ട്യൂഷൻ ക്ലാസ്സസ്, പാതാളം
3	ലി ഫ്യൂ ഫ്രഞ്ച് ക്ലാസ്സസ്, കുട്ടിക്കാട്ടുകര
4	ആസ്ക് ലേണിംഗ്, മഞ്ഞുമ്മൽ
5	ക്വിക്ക് സ്മാർട്ട് ട്യൂട്ടറിംഗ്, ഏലൂർ
6	ജി എസ്. എസ് ട്രെയിനിംഗ്, ഏലൂർ

മേൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ ഫീസ് റസീപ്റ്റ് അടക്കമുള്ള രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/തീ. 20.01.2026) മറുപടി ലഭ്യമാക്കിയില്ല. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും, രജിസ്ട്രേഷൻ എടുക്കാത്ത സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-18 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകൽ - രേഖകൾ സൂക്ഷിക്കുന്നതിലെയും വാടക ഈടാക്കുന്നതിലെയും അപാകതകൾ

ഏലൂർ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടമുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ബാലൻസ് ഷീറ്റിലെ ബി – 14 ഷെഡ്യൂൾ പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയവയിൽ നിന്നും ലഭിക്കേണ്ടതായ ആകെ കുടിശ്ശിക 14,71,622/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ്	തുക (₹)
1	വാടക കുടിശ്ശിക (തൻവർഷം)	3,13,836/-
2	വാടക കുടിശ്ശിക (മുൻവർഷങ്ങളിലേത്)	11,57,786/-
	ആകെ	14,71,622/-

കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10(1)/ 20-01-2026 ന് മറുപടി ലഭ്യമാക്കിയില്ല. ഈടാക്കുവാനുള്ള വാടക തുക കൃത്യമായി യഥാസമയം പിരിച്ചെടുക്കാതെ തുടരുന്നത് നഗരസഭയുടെ തനത് വരുമാനത്തിൽ ഭീമമായ നഷ്ടം ഉണ്ടാക്കുന്നു. ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഏലൂർ നഗരസഭ 2024-25 വർഷം വാടകക്ക് നൽകിയിരുന്ന താഴെ പറയുന്ന മുറികളുടെ തൻവർഷ വാടക അടവാക്കിയതായി കാണുന്നില്ല. വാടക അടവാക്കിയതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

ക്രമ നം	കെട്ടിട നം	വാടകക്കാരന്റെ പേര്	വാടക കുടിശ്ശിക	റിമാർക്സ്
1	GF-16 (പാതാളം ഷോപ്പിങ്ങ് കോംപ്ളക്സ്)	K A Subair, Kariveliyil, Mannamtheruth, Varappuzha	21317x12 = 255804	വാടക കരാർ ചമയ്ക്കാതെയാണ് ടി കെട്ടിടം പ്രവർത്തിച്ചു വരുന്നത്. 2024-25 സാമ്പത്തിക വർഷത്തെ 12 മാസ കാലയളവിലെ വാടകയും 18% ജി.എസ്.ടിയും വാടകക്കാരൻ അടവാക്കിയിട്ടില്ല.
2	SF-2 (പാതാളം ഷോപ്പിങ്ങ് കോംപ്ളക്സ്)	Ramesh Kumar Kacheriparambil	2659 X 5 (നവംബർ – മാർച്ച്) = 13295	വാടക കരാർ ചമയ്ക്കാതെയാണ് ടി കെട്ടിടം പ്രവർത്തിച്ചു വരുന്നത്. 5 മാസ കാലയളവിലെ വാടകയും 18% ജി.എസ്.ടിയും വാടകക്കാരൻ അടവാക്കിയിട്ടില്ല.
3	27/259 (മഞ്ഞുമ്മൽ ഷോപ്പിങ്ങ് കോംപ്ളക്സ്)	Shop Manager, Maveli Store, Kerala Civil Supplies Corporation	90504(7542 X 12) - 86,196 (7183 X 12) = 4,308	വാടക കരാറിൽ കരാർ കാലയളവോ തുകയോ മറ്റ് അനുബന്ധ വിവരങ്ങളോ ചേർത്തിട്ടില്ല. കൂടാതെ 5% വാടക വർദ്ധനവ് വരുത്താതെയാണ് ടി സാമ്പത്തിക വർഷത്തെ വാടക അടവാക്കിയിരിക്കുന്നത്(7183 X 5% = 7183 +359 = 7542)

മേൽ പട്ടികയിലെ വാടകക്കാർ 2024-25 വർഷത്തെ വാടക, ജി.എസ്.ടി മുതലായവ ഒടുക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ രസീത് സഹിതം ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം തുക ഈടാക്കുന്നതിന് മുൻസിപ്പാലിറ്റി സ്വീകരിച്ച നടപടികളും ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10(2)/ 20-01-2026 ന് മറുപടി ലഭ്യമാക്കിയില്ല. ടി വാടകക്കാരിൽ നിന്നും 2024-25 വർഷത്തെ വാടക (ജി.എസ്.ടി സഹിതം) ഈടാക്കി വിവരങ്ങൾ രസീത് സഹിതം ഹാജരാക്കേണ്ടതാണ്.

3. നഗരസഭയുടെ കെട്ടിടങ്ങൾ വാടക കരാർ ചമക്കാതെ വാടകയ്ക്ക് നൽകിയതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം	വാടകക്കാരന്റെ പേര്	റിമാർക്സ്
1	FF-1	Secretary Service Cooperative Bank	വാടക കരാർ ഹാജരാക്കിയിട്ടില്ല.
2	FF-2	Vincent Athikkal, Thrikkakara P .O. Kakkanad	വാടക കരാറിൽ കരാർ തുകയോ മറ്റ് അനുബന്ധ വിവരങ്ങളോ ചേർത്തിട്ടില്ല. കരാർ സെക്രട്ടറി ഒപ്പിട്ട് സാധുവാക്കിയിട്ടില്ല.

3	SF-2	Ramesh Kumar, Kacheriparambil	വാടക കരാർ ഹാജരാക്കിയിട്ടില്ല.
4	27/152 (മഞ്ഞുമ്മൽ ഷോപ്പിങ്ങ് കോംപ്ളക്സ്)	K. K . Kochupilla Kottayil (H) Mampilly (PO)	വാടക കരാർ ഹാജരാക്കിയിട്ടില്ല.
5	27/154 (മഞ്ഞുമ്മൽ ഷോപ്പിങ്ങ് കോംപ്ളക്സ്)	Manju K. V Fact Quarters	വാടക കരാർ സെക്രട്ടറി ഒപ്പിട്ട് സാധുവാക്കിയിട്ടില്ല.
6	27/156 (മഞ്ഞുമ്മൽ ഷോപ്പിങ്ങ് കോംപ്ളക്സ്)	Ramani K A Viruppukandathil Manjummel	വാടക കരാർ ഹാജരാക്കിയിട്ടില്ല.
7	27/157 (മഞ്ഞുമ്മൽ ഷോപ്പിങ്ങ് കോംപ്ളക്സ്)	Abdul Khader Madathattu	വാടക കരാർ ഹാജരാക്കിയിട്ടില്ല.
8	2/204 (മേത്താനം)	Vanitha Vyavasayakendram – Ushus Kudumbasree, Eloor North	വാടക കരാർ ഹാജരാക്കിയിട്ടില്ല.

വാടകക്കാരുമായി കരാർ ചമയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 (3) / 20-01-2026 ന് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215(2) പ്രകാരമാണ് നഗരസഭ ഉടമസ്ഥതയിലുള്ള നഗരസഭയുടെ ഷോപ്പിങ്ങ് കോംപ്ലെക്സുകൾ വാടകയ്ക്ക് നൽകുമ്പോൾ നടപടികൾ സ്വീകരിക്കേണ്ടത്. ഷോപ്പിങ്ങ് കോംപ്ലെക്സ് കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ നിയമാനുസൃത കരാർ ചമയ്ക്കേണ്ടതാണ്. ടി കെട്ടിട മുറികളിലെ വാടകക്കാരുമായി ചമച്ച വാടക കരാർ രേഖകൾ സഹിതം പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4. വാടക രജിസ്റ്റർ പരിശോധിച്ചതിൽ 16 കടമുറികൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം
1	GF-2 (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
2	GF-14 (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
3	GF-5 (Reserved For SC/ST) (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
4	GF-10 (Reserved For SC/ST) (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
5	FF-3 (Reserved For SC/ST) (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
7	SF-01 (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
8	SF-04 (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
9	SF-05 (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
10	SF-07 (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
11	SF-08(Reserved For SC/ST) (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
12	SF-10 (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
13	SF-12 (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
14	SF-14 (പാതാളം ഷോപ്പിങ്ങ് കോംപ്ലക്സ്)
15	27/153 (മഞ്ഞുമ്മൽ ഷോപ്പിങ്ങ് കോംപ്ലക്സ്)
16	27/158 (മഞ്ഞുമ്മൽ ഷോപ്പിങ്ങ് കോംപ്ലക്സ്)

പ്രസ്തുത കടമുറികൾ ലേലം ചെയ്തു നൽകാത്തതിന്റെ കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 10 (4) /20.1.26) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ വാടക മുനിസിപ്പാലിറ്റിയുടെ ഒരു നിർണ്ണായക വരുമാന സ്രോതസ്സായതിനാൽ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-19 ടൗൺ ഹാൾ വാടക ഈടാക്കിയതിലെ അപാകതകൾ

2024–25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺ ഹാളും കമ്മ്യൂണിറ്റി ഹാളും വിവിധ പരിപാടികൾ നടത്തുന്നതിനായി വാടകയ്ക്ക് നൽകിയതിലൂടെ ₹12,55,000/- (രൂപ പന്ത്രണ്ടുലക്ഷത്തി അൻപത്തിയഞ്ചായിരം മാത്രം) വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ടൗൺ ഹാൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഹാൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ബൈലോ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് കാണുന്നു. പ്രത്യേകിച്ച്, ബൈലോയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രധാന വിവരങ്ങൾ — പരിപാടിയുടെ ഉദ്ദേശ്യം, ഉപയോഗിക്കുന്ന ഹാൾ (മെയിൻ ഹാൾ/ഡൈനിംഗ് ഹാൾ), എയർകണ്ടീഷൻ ഉപയോഗം, കൃത്യമായ തീയതിയും സമയപരിധിയും എന്നിവ വാടക രജിസ്റ്ററിൽ സമഗ്രമായി രേഖപ്പെടുത്തിയിട്ടില്ല.

ഇതിനാൽ ബൈലോ പ്രകാരം നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ അനുസരിച്ചാണോ വാടക ഈടാക്കിയിരിക്കുന്നത് എന്നതും, വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവുതുകയുടെ കൃത്യതയും ഉറപ്പാക്കാനായില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു:

ക്രമ നം	രജിസ്റ്ററിലെ പേജ് നം	വാടകയ്ക്ക് എടുത്ത വ്യക്തി	ഉപയോഗം	തീയതി	സമയം	ഈടാക്കിയ വാടക തുക	റിമാർക്ക്സ്
1	28	രമേഷ്, എന്നക്കേൽ പറമ്പ്, ഏലൂർ	രേഖപ്പെടുത്തിയിട്ടില്ല	15/04/24	6 PM- 8 PM	5500	ഉപയോഗം കൃത്യമായി രേഖപ്പെടുത്താത്തതിനാൽ റെന്റ് തുകയുടെ ആധികാരികത ഉറപ്പാക്കുവാൻ സാധിക്കുകയില്ല
2	37	രമേഷ് കുമാർ	FACT റിട്ടയേർഡ് എംപ്ലോയീസ് മീറ്റിംഗ്	18/05/2024	സമയം രേഖപ്പെടുത്തിയിട്ടില്ല	5500	കൃത്യസമയം രേഖപ്പെടുത്താത്തതിനാൽ റെന്റ് തുകയുടെ ആധികാരികത ഉറപ്പാക്കുവാൻ സാധിക്കുകയില്ല
3	45	അബ്ദുൾ സമദ്, സർഗ്ഗ വേദി ലൈബ്രറി	ബിരിയാണി ചലഞ്ച്	28/06/24 & 29/06/24 വൈകുന്നേരം	കൃത്യമായ സമയം രേഖപ്പെടുത്തിയിട്ടില്ല	5500	28, 29 എന്നീ 2 ദിവസങ്ങളിൽ ഹാൾ റെന്റിനെടുത്തിട്ടും റെന്റ് തുക വളരെ കുറച്ച് മാത്രമേ ഈടാക്കിയിട്ടുള്ളൂ.
4	56	റബിയ, പട്ടാരുപറമ്പിൽ ഹൗസ്	വിവാഹം	23/09/24 (PM) 24/08/24 (Full Day)	കൃത്യമായ സമയം രേഖപ്പെടുത്തിയിട്ടില്ല	15000	വാടക ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

5	56	സി. ആർ ബെൻ, ചിറ്റേത്ത്, മുപ്പത്തടം	രേഖപ്പെടുത്തിയിട്ടില്ല	24/08/24	PM (4 Hrs)	-	വാടക ഈടാക്കിയിട്ടില്ല.

ടി അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/23-01-2026 ന് മറുപടി ലഭ്യമാക്കിയില്ല. വാടക രജിസ്റ്റർ അപൂർണ്ണമായതിനാൽ ടൗൺ ഹാൾ വാടകയിനത്തിൽ ഈടാക്കിയ തുകകൾ ബൈലോ പ്രകാരം കൃത്യമായും ന്യായമായും ഈടാക്കിയിട്ടുണ്ടോയെന്ന് ഓഡിറ്റിന് സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല. അതിനാൽ മേൽ പരാമർശിച്ച അപാകതകൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

2) ടൗൺ ഹാൾ വാടക ഈടാക്കിയതിൽ കുറവ് രേഖപ്പെടുത്തിയത്.

A) ഫയൽ നമ്പർ 2864792 പ്രകാരം ESI ഹോസ്പിറ്റൽ റിക്രിയേഷൻ പ്രോഗ്രാം നടത്തുന്നതിനായി മിഥുൻ സുബ്രഹ്മണ്യൻ, പുളിക്കൽ ഹൗസ് എന്ന വ്യക്തി 11/01/2025 തീയതിയിൽ A/C സഹിതം മുഴുവൻ ബിൽഡിംഗ് 8 മണിക്കൂർ സമയത്തേക്ക് ബുക്ക് ചെയ്തതായി ബുക്കിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബൈലോ പ്രകാരം ഈടാക്കേണ്ട വാടകയായി ₹30,000/- രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ 2024–25 വർഷത്തെ 1301001 – Rent From Town Hall ലെഡ്ജർ പരിശോധിച്ചതിൽ, R-M071000-24010183 നമ്പർ രസീത് പ്രകാരം ₹20,000/- മാത്രമാണ് അടവാക്കിയിട്ടുള്ളത്. ₹10,000/- രൂപ കുറവ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കണമെന്നും, ടി തുക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 (1)/ 23-01-2026 ന് മറുപടി ലഭ്യമാക്കിയില്ല. ടി തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

B) ടൗൺ ഹാൾ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സി. ആർ. ബെൻ, ചിറ്റേത്ത് വീട്, മുപ്പത്തടം എന്ന വ്യക്തി 24/08/2024 തീയതിയിൽ വൈകുന്നേരം 4 മണിക്കൂർ സമയത്തേക്കും 25/08/2024 തീയതിയിൽ 8 മണിക്കൂർ (R-M071000-24001553, തീയതി : 13/05/2024, തുക - ₹30000/-) സമയത്തേക്കും ടൗൺ ഹാൾ ബുക്ക് ചെയ്തതായി കാണുന്നു (ഫയൽ നമ്പർ 24001553). എന്നാൽ 24/08/2024 തീയതിയിലെ ബുക്കിംഗിനായി വാടക ഈടാക്കിയതായി രേഖകളിൽ കാണുന്നില്ല. ആയതിനാൽ, 24/08/2024 തീയതിയിലെ ഹാൾ ബുക്കിംഗിനായി വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 (2) / 23-01-2026 ന് മറുപടി ലഭ്യമാക്കിയില്ല. 24/08/2024 തീയതിയിൽ ടി വ്യക്തി ഹാൾ ബുക്ക് ചെയ്തതിന് വാടക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം വാടക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

1-20 ആംബുലൻസ് വാടക അപാകങ്ങൾ

2024–25 സാമ്പത്തിക വർഷത്തിൽ ആംബുലൻസ് വാടകയ്ക്ക് നൽകിയ ഇനത്തിലുള്ള വരവിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയ രജിസ്റ്ററുകൾ, ഫയലുകൾ, മാനവൽ രസീത് ബുക്കുകൾ, രണ്ട് വാഹനങ്ങളുടെ ലോഗ് ബുക്കുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. ഏലൂർ മുനിസിപ്പാലിറ്റിയിൽ KL41R2675, KL41F-2387 എന്നീ രണ്ട് വാഹനങ്ങൾ ആംബുലൻസ് സേവനത്തിനായി ഉപയോഗിക്കുന്നുണ്ട്. KL41F-2387 എന്ന നമ്പറിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്ന് 2024-25 സാമ്പത്തിക വർഷം ടി വാഹനം വാടകയ്ക്ക് നൽകിയിരിക്കുന്നത് 22-08-2024 മുതൽ 08-03-2025 വരെയാണ്. 2024 ഏപ്രിൽ മാസം മുതൽ ആഗസ്റ്റ് മാസം വരെ ടി വാഹനം ആംബുലൻസ് സേവനത്തിനായി ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാഹനവുമായി ബന്ധപ്പെട്ട രസീത് ബുക്ക് നം. 382 പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

2. KL41R 2675 എന്ന നമ്പറിലുള്ള വാഹനത്തിന്റെ ലോഗ് ബുക്കും, രസീത് ബുക്കുകളും പരിശോധിച്ചതിൽ നിന്നും ലോഗ് ബുക്ക് പ്രകാരമല്ല രസീതുകൾ നല്കിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	രസീത് ബുക്ക് നം, രസീത് നം, തീയതി, തുക	KL 41R 2675 ലോഗ് ബുക്ക് തീയതി	റിമാർക്സ്
1	385, (38401 –	രേഖപ്പെടുത്തിയിട്ടില്ല	ലോഗ് ബുക്ക് പ്രകാരം ടി യാത്രകൾ

	38405) 03-01-2025, 400, 600, 400, 500, 500		നടത്തിയിട്ടില്ല
2	രസീതുകൾ നല്കി തുക ഈടാക്കിയിട്ടില്ല	07-01-25, 08-01-25, 11-01-25, 12-01-25 *2, 14-01-25 , 15-01-25 *2	ലോഗ് ബുക്ക് പ്രകാരം ടി യാത്രകൾ നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, രസീതുകൾ ലഭ്യമല്ല.
3	രസീതുകൾ നല്കി തുക ഈടാക്കിയിട്ടില്ല	14-03-25 – 31-03-25 (27 യാത്രകൾ)	ലോഗ് ബുക്ക് പ്രകാരം ടി യാത്രകൾ നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, 38483/12-03-25 ന് ശേഷമുള്ള രസീതുകൾ ക്യാൻസൽ ചെയ്തിട്ടുള്ളതാണ്.

3. കെ.എഫ്.സി. വാല്യം 1 ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ ബാങ്ക്/ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ദൂരക്കൂടുതലോ മറ്റേതെങ്കിലും കാരണത്താലോ തുക ഒടുക്കുവാൻ സാധിക്കാതെ വന്നാൽ ആഴ്ച്ചയിലൊരിക്കൽ അവസാന പ്രവൃത്തി ദിവസം അടവാക്കേണ്ടതാണ്. എന്നാൽ ആംബുലൻസ് വാടകയ്ക്ക് കൊടുത്ത ഇനത്തിൽ ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്ക്/ട്രഷറിയിൽ ഒടുക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

28-09-2024 മുതൽ 05.10.2024 വരെയുള്ള കാലയളവിലെ വരവ് 4200/- രൂപ രസീത് നം. 37933 /05-10-2024 തീയതിയിലും, 18-10-2024 മുതൽ 25-10-2024 വരെയുള്ള കാലയളവിലെ വരവ് 5000/- രൂപ രസീത് നം. 37952/25-10-2024 തീയതിയിലും, 29-10-2024 മുതൽ 13-11-2024 വരെയുള്ള കാലയളവിലെ വരവായി 8000/- രൂപ രസീത് നം. 37978/13-11-2024 തീയതിയിലും ആണ് നഗരസഭയിലേക്ക് അടവാക്കിയിട്ടുള്ളത്.

29-10-24 (രസീത് നം. 37957) മുതൽ 13-11-24 (രസീത് നം. 37978) വരെയുള്ള രസീത് നമ്പറുകളിലെ ആകെ തുക 11000/- രൂപയാണെന്നിരിക്കെ, നഗരസഭാ ഫണ്ടിലേക്ക് അടവാക്കിയിരിക്കുന്നത് 8,000/- രൂപ മാത്രമാണ്. ഇതിലൂടെ 3,000/- രൂപയുടെ കുറവ് സംഭവിച്ചതായി കണ്ടെത്തുന്നു. വിശദ വിവരങ്ങൾ ഖണ്ഡിക 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 35 / 27-01-2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആംബുലൻസ് വാടകയിനത്തിൽ കണ്ടെത്തിയ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ആയതിനാൽ, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും, വിശദീകരണം രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-21 തനത് വരുമാനം പിരിവ് കാര്യക്ഷമമല്ല - വികസനഫണ്ട് കുറവ് ചെയ്തു.

ധനകാര്യ (എസ്.എഫ്.സി സെൽ - എ) വകുപ്പിന്റെ 18-10-2022 ലെ ജി.ഒ.(എം.എസ്)179/2022/ധന ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ (എസ്.സിപി, ടി.എസ്.പി ഒഴികെയുള്ള) നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനം ആയിരുന്നു. പ്രാദേശിക സർക്കാരുകൾക്ക് 2024-25 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1625/2025/ ധന തീയതി 20-02-2025 പ്രകാരം ലഭ്യമാക്കിയതിൽ, മുൻവർഷം തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാൽ ഏലൂർ നഗരസഭയുടെ വികസനഫണ്ടിൽ നിന്നും 2,23,120/- രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്.

2024-2025 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ B-14 Sundry Debtors (Receivables) പ്രകാരം ഡിമാന്റ് ചെയ്തിട്ടും താഴെ ചേർത്ത തനത് വരുമാനം തൻവർഷം പിരിച്ചെടുക്കാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

തനത് വരുമാനം - ഇനം	ഡിമാന്റ് ചെയ്തിട്ടും വർഷാവസാനം കുടിശ്ശിക(₹)
Receivables For Property Taxes (Current)	6918549
Receivables For Property Taxes (Arrears)	4293217

Receivables For Profession Tax - Institutions/Traders (Current)	153150
Receivables For Profession Tax - Institutions/ Traders (Arrears)	363432
Receivables For Service Cess (Current)	817647
Receivables For Service Cess (Arrears)	556148
Receivable For License Fees (Current)	196825
Receivable For License Fees (Arrears)	21810
Rent Receivables From Local Body Properties (Current)	313836
Rent Receivables From Local Body Properties (Arrears)	1157786

തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വൻതുക തൻവർഷം കുടിശ്ശിക ഉള്ളതിനാൽ തുടർ വർഷങ്ങളിലും വികസന ഫണ്ട് കുറവ് ചെയ്യാൻ സാധ്യത നിലനിൽക്കുന്നു. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/13-01-2026) നിലവിലുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് മറുപടി ലഭ്യമായി. തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-22 ക്ഷേമപെൻഷൻ വിതരണത്തിലെ അപാകത

സ.ഉ(എം.എസ്)നം.97/2020/ധന. തിയതി 23-09-2020 ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC Code KSBK0000101) തിരിച്ചടയ്ക്കേണ്ടതാണ്. ഏലൂർ നഗരസഭയിലെ ക്ഷേമപെൻഷൻ വിതരണം പരിശോധിച്ചതിൽ കെ-സ്മാർട്ട് ഡെത്ത് രജിസ്റ്റർ പ്രകാരം താഴെക്കൊടുത്തിട്ടുള്ള ക്ഷേമപെൻഷൻ ഗുണഭോക്താക്കളായിരുന്ന വ്യക്തികൾ മരണപ്പെട്ടിട്ടുള്ളതായി കാണിച്ച് സേവനയിൽ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടുണ്ട്. എന്നാൽ, അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക തിരികെ ഈടാക്കിയിട്ടില്ല.

ക്രമ നം	പെൻഷണർ ഐ. ഡി	മരണപ്പെട്ട പെൻഷനറുടെ പേര്	മരണപ്പെട്ട തീയതി	അനർഹമായ കാലയളവ്	തിരികെ ഈടാക്കേണ്ട തുക(₹)	സ്റ്റാറ്റസ്
1	112460200623	ത്രേസ്യ എ ജെ	18-03-2024	ഏപ്രിൽ, മെയ് 2024	3200	സസ്പെൻഡ്
2	106300201810	ജോഷി എ വി	31-03-2024	ഏപ്രിൽ, മെയ് 2024	3200	സസ്പെൻഡ്
3	112460202714	മെറ്റിൽഡ ബെനഡിക്ട്	09-04-2024	മെയ് 2024	1600	സസ്പെൻഡ്
4	112460600477	സരസു കാർത്തികേയൻ	14-12-2023	ജനുവരി 2024 – മെയ് 2024	8000	സസ്പെൻഡ് (മരണം റിപ്പോർട്ട് ചെയ്തിരിക്കുന്നത് നവംബർ 2024 - നാണ്)
5	112460200161	ബെയ്സിൽ കൊറയ	21-04-2024	മെയ് 2024	1600	സസ്പെൻഡ്
6	106330601605	അസ്മ കുഞ്ഞുമൂസ	11-04-2024	മെയ് 2024	1600	സസ്പെൻഡ്
ആകെ					19200/-	

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5, തീ. 19.01.26) ത്രേസ്യ എ ജെ, ജോഷി എ വി, മെറ്റിൽഡ ബെനഡിക്ട്, സരസു കാർത്തികേയൻ, ബെയ്സിൽ കൊറയ എന്നിവർക്ക് അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക തിരികെ സർക്കാരിലേയ്ക്ക് ഈടാക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും, അസ്മ കുഞ്ഞുമൂസ കടുങ്ങല്ലൂർ പഞ്ചായത്തിലെ ഗുണഭോക്താവായതിനാൽ ടി വിവരം

പ്രസ്തുത പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കൂടാതെ, 2024 ജനുവരി 1 മുതൽ കെ-സ്മാർട്ട് നിലവിൽ വന്നതിനു ശേഷം നഗരസഭാ പരിധിയിലുള്ള ആശുപത്രികളിൽ നിന്നും നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന മരണപ്പെട്ടവരുടെ ലിസ്റ്റ് ലഭ്യമാകുന്നില്ലെന്നും ആയതിനാൽ മസ്റ്ററിംഗ് ചെയ്യാത്തതിനാൽ അവരുടെ അക്കൗണ്ടുകൾ സസ്പെൻഡായതുമൂലമാണ് ഇത്തരത്തിൽ അപാകത സംഭവിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. മരണ ശേഷം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായതും ബാങ്കിനു കൈമാറിയതുമായ തുകകൾ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 മുൻകൂർ നൽകിയ തുക - ₹24,24,204/- ക്രമീകരിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രികയിലെ ബി.18 ഷെഡ്യൂളിൽ താഴെ ചേർത്ത മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	ഹെഡ് കോഡ്	ശീർഷകം	തുക(₹)
1	4601001	Festival Advance To Employees	1000
2	4605002	Advance To Implementing Agencies	696574
3	4605004	Temporary Advances For Official Purposes	1726630
		ആകെ	2424204

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല.

ആയത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/20.01.2026) മറുപടി ലഭ്യമാക്കിയില്ല. മേൽ മുൻകൂറുകൾ ആരൊക്കെയാണ് കൈപ്പറ്റിയതെന്ന വിവരം ലഭ്യമാക്കേണ്ടതാണ്. ആയത് ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

മുൻകൂറായി നൽകുന്ന തുകകൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം തന്നെ ക്രമീകരിക്കുന്നതിനും അല്ലാത്തപക്ഷം ചട്ടം അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

1-24 അങ്കണവാടികൾക്ക് ആവശ്യമായ കിച്ചൺ അപ്ലയൻസ് - ടി.ഡി.എസ്. അധികം പിടിച്ചിരിക്കുന്നു

പ്രോജക്റ്റിന്റെ നമ്പർ/ പേര്	65/25 അങ്കണവാടികൾക്ക് ആവശ്യമായ കിച്ചൺ അപ്ലയൻസ്.
അടങ്കൽ	₹547189/- (പ്ലാൻഫണ്ട് പൊതുവിഭാഗം-447189 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം-100000)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ചെലവ് വിവരം	₹447189/-(പ്ലാൻഫണ്ട്-പൊതുവിഭാഗം) ബിൽ നമ്പർ/തീയതി-565/17.03.2025

ഏലൂർ നഗരസഭയിൽ 2024-25 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടികൾക്ക് ആവശ്യമായ കിച്ചൺ അപ്‌ളയൻസ് വാങ്ങൽ എന്ന പ്രോജക്റ്റിൽ 447189/- ചെലവഴിച്ചിട്ടുണ്ട്. ജെം മുഖേന ഫ്രിഡ്ജ്, മിക്സി, കസേര എന്നിവയുടെ വാങ്ങലുകളാണ് നടത്തിയിരിക്കുന്നത്. കിഡിഷ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ KGM12/24-25/48 Dt 14.03.2025 പ്രകാരം 484010/-രൂപയുടെ ജി.എസ്.ടി ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചപ്പോൾ ഇതിൽ നിന്നും CGST@1%-4477, SGST@1%4477,

IT@2%-8953 എന്നിങ്ങനെ കുറവ് വരുത്തിയിട്ടുണ്ട്. ആകെ ചെലവഴിച്ച 447189/-രൂപയിൽ നിന്നും നിയമാനുസൃത കിഴിവുകൾ വരുത്തിയിട്ടുണ്ടെങ്കിലും IT@2%-8953/- കുറവ് വരുത്തേണ്ടതില്ലായെന്ന കാണുന്നു. ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഐ.ടി കുറവ് വരുത്തിയതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/19.01.2026) മറുപടി ലഭ്യമാക്കിയിരുന്നു. മറുപടിയിൽ 250000/-രൂപയിൽ കൂടുതലുള്ള ചെലവുകൾക്ക് ഐ.ടി 2% കിഴിവ് വരുത്തുന്നുണ്ട് എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്. ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ നിയമാനുസൃത കിഴിവുകൾ മാത്രം കുറവ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25 അങ്കണവാടി പോഷക ആഹാര പരിപാടി

പ്രോജക്ടിന്റെ നമ്പർ/ പേര്	08/25 അംഗനവാടി പോഷക ആഹാര പരിപാടി
അടങ്കൽ	₹2800000/- (പ്ലാൻഫണ്ട്-1200000 കേന്ദ്രാവിഷ്കൃത ഫണ്ട്-1000000 തനത് ഫണ്ട്-600000)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ചെലവ് വിവരം	₹489239/- (295057/- RBI/0102550850680, 194182/- RBI/0102550850681)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ അങ്കണവാടി പോഷക ആഹാര പരിപാടി എന്ന പ്രോജക്ടിൽ BRN 24111347000701048219/17.12.2024 പ്രകാരം 489239/-രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ഇതിൽ സപ്ലൈക്കോ മാവേലി സ്റ്റോർ ഏലൂർ 295057/-രൂപയും 194182/-രൂപ ചൈതന്യ കുടുംബശ്രീ യൂണിറ്റ്, കരുമാലൂർ എന്ന സ്ഥാപനത്തിന് അമൃതം പൊടി വിതരണം നടത്തിയതിനാണ് തുക നൽകിയിരിക്കുന്നത്. ചൈതന്യ കുടുംബശ്രീ യൂണിറ്റ്, കരുമാലൂർ എന്ന സ്ഥാപനത്തിന് നൽകിയ തുകയിൽ ഉൾപ്പെട്ട ഇൻവോയ്സ് നമ്പർ 367/03.09.2024 പ്രകാരമുള്ള 68576/-രൂപയിൽ 829/-രൂപ കൂടുതലായാണ് നൽകിയിരിക്കുന്നത്. അതായത് ഇൻവോയ്സിലെ തുകകൾ കൂട്ടിയെടുക്കുമ്പോൾ 67747/-(64435+3220+92) ആണ്. വ്യത്യാസം 829(68576-67747). മേൽ വ്യത്യാസം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ/ തീയതി-6/19.01.2026 നൽകിയതിന് മറുപടി ലഭ്യമാക്കിയിരുന്നു. മറുപടിയിൽ അമൃതം പൊടി വിതരണം നടത്തുന്നതിന് 920/-രൂപ നൽകിയത് എഴുതിയപ്പോൾ 92/-എന്ന് ആയതാണെന്ന് വ്യക്തമാക്കിയിരുന്നു. ഇൻവോയ്സ് കൃത്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-26 FHC ഏലൂരിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല - തുക ₹141824/- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	28/25
പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, FHC ഏലൂർ
പ്രോജക്ടിന്റെ പേര്	FHC യിലേക്ക് മരുന്ന് വാങ്ങൽ.
ആകെ അടങ്കൽ തുക	₹10,00,000/- (500000/-റോഡിതരം -മെയിന്റനൻസ് ഫണ്ട്) (500000/- തനത്ഫണ്ട്)
ആകെ ചെലവ്	₹902566/-

മെഡിക്കൽ ഓഫീസർ (FHC,ഏലൂർ) 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ നിന്നും 409059/- രൂപ (ബിൽ നം.28/17.7.2024, റോഡിതരം-മെയിന്റനൻസ് ഫണ്ട്)മരുന്ന് വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ്, തൈക്കാട്, തിരുവനന്തപുരം (പ്രൊഫോർമ ഇൻവോയ്സ് നം.PRF-248/5.6.2024) എന്ന സ്ഥാപനത്തിന് അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം നാളിതുവരെ 367235/- രൂപയുടെ മരുന്നുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. നിലവിൽ ₹141824/-യുടെ (409059 - 367235) മരുന്നുകൾ കൂടി ലഭ്യമാകാനുള്ളതായി കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/24.1.2026) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ബാക്കി ലഭിക്കാനുള്ള

മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയവ ലഭ്യമാകുന്ന മുറക്ക് ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. ബാക്കി ലഭിക്കാനുള്ള മരുന്നുകൾ ലഭ്യമാകുന്നതുവരെ ₹141824/- തടസ്സപ്പെടുത്തുന്നു

1-27 ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട പദ്ധതികളിൽ ബാക്കി വന്ന തുക HMC ബാങ്ക് അക്കൗണ്ടിലേക്കു മാറ്റിയിരിക്കുന്നു

പ്രോജക്ട്	ആവർത്തന ചെലവുകൾ FHC (So 401/25)	പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ(so 400/25)
അടങ്കൽ	2968/- (ഹെൽത്ത് ഗ്രാന്റ്)	86/- (ഹെൽത്ത് ഗ്രാന്റ്)
ചെലവ്	2968/- (വൗച്ചർ നമ്പർ-P-MO71000-24001 265)	86/- (വൗച്ചർ നമ്പർ-P-MO71000-24001 257)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽഓഫീസർ (FHC, ഏലൂർ)	മെഡിക്കൽഓഫീസർ (FHC, ഏലൂർ)

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് മെഡിക്കൽ ഓഫീസർ(FHC, ഏലൂർ) മുൻവർഷം നടപ്പാക്കിയ പ്രോജെക്ടുകളിൽ ബാക്കി വന്ന തുക വകയിരുത്തി 2024-25 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത മേൽ സൂചിപ്പിച്ച സ്പിൽ ഓവർ പദ്ധതികളിൽ നിന്നും താഴെപ്പറയുന്ന പ്രകാരം 3054/-രൂപ എച്ച്.എം.സി.അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

തുകകൾ മെഡിക്കൽ ഓഫീസറുടെ ഉത്തരവുകൾ പ്രകാരം

തുക	ഉത്തരവ് നമ്പർ	തീയതി
86/-	29/2024 – പി.എച്ച്.സി.ഏലൂർ	03.12.2024
2966/-	32/2024 – പി.എച്ച്.സി.ഏലൂർ	04.12.2024

ടി തുകകൾ ഹെൽത്ത് ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും (നമ്പർ - 92740100009981, ബാങ്ക് ഓഫ് ബറോഡ, ഉദ്യോഗമണ്ഡൽ ബ്രാഞ്ച്) 23.12.2024 ന് FHC, ഏലൂരിന്റെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (നമ്പർ -92740100002785, ബാങ്ക് ഓഫ് ബറോഡ)മാറ്റിയതായി കാണുന്നു. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിനിയോഗ മാർഗരേഖ പ്രകാരം നഗര മേഖലകളിലെ FHC കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നഗര ആരോഗ്യ വെൽനെസ്സ് സെന്ററുകൾക്കുമായി അനുവദിച്ച ഫണ്ടിൽ / പ്രോജെക്ടിൽ ബാക്കി വന്ന തുക ആയതിനായി പ്രത്യേകം രൂപീകരിച്ച ബാങ്ക് അക്കൗണ്ടിൽ നിന്നും HMC ബാങ്ക് അക്കൗണ്ടിലേക്കു മാറ്റിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/27.1.2026) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ HMC അക്കൗണ്ടിലേക്കു മാറ്റിയ 3054/- രൂപ (2968+86) തിരികെ ഹെൽത്ത് ഗ്രാന്റ് ബാങ്ക് അക്കൗണ്ടിലേക്കു മാറ്റേണ്ടതും ആയത് സംബന്ധിച്ച വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-28 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ഏലൂർ നഗരസഭയുടെ 2024-25 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ ചില ന്യൂനതകൾ ഉണ്ടായിട്ടുണ്ട് ആയത് ചുവടെ ചേർക്കുന്നു.

03.11.2017 ലെ സർക്കാർ ഉത്തരവ് (കൈ) 216/2017 തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഖണ്ഡിക 7.3.2 പ്രകാരം പ്രവൃത്തികളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് ഓരോ പ്രവൃത്തിക്കും ലാൻഡ്മാർക്ക്, ലൊക്കേഷൻ സ്കെച്ച്, ഒരു ഐഡന്റിഫിക്കേഷൻ നമ്പർ എന്നിവ നൽകാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റിനോടൊപ്പം പ്രവർത്തി നടക്കുന്ന പ്രദേശം സൂചിപ്പിക്കുന്ന ലാൻഡ്മാർക്ക്, ലൊക്കേഷൻ സ്കെച്ച്, പ്രവൃത്തിയുടെ ഐഡന്റിഫിക്കേഷൻ നമ്പർ എന്നിവ ഉൾപ്പെടുത്തുന്നില്ല.

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പുതുക്കിയ മാർഗ്ഗരേഖ സ.ഉ(കൈ)നം.216/2017/ത.സ്വ.ഭ.വ തീയതി 03/11/2017 പ്രകാരം ഓരോ നഗരസഭയിലെയും വാർഡ് സഭകൾ അതാത് വാർഡിൽ / ഡിവിഷനിൽ നടക്കുന്ന

പ്രവൃത്തികളെ മോണിറ്റർ ചെയ്യുകയും, തൊഴിൽ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിൽ നൽകൽ, വേതന വിതരണം എന്നീ കാര്യങ്ങൾ പരിശോധനക്ക് വിധേയമാക്കണമെന്നും കൂടാത പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട എല്ലാ പ്രവൃത്തികൾക്കും ഓരോ ജാഗ്രത മേൽനോട്ട കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി പ്രവൃത്തിയുടെ പുരോഗതിയും ഗുണമേന്മയും ശ്രദ്ധിക്കുകയും ഉറപ്പുവരുത്തുകയും വേണമെന്ന് മാർഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി നടക്കുന്ന സ്ഥലത്തെ നിവാസികൾ ഉൾക്കൊള്ളുന്നതായിരിക്കണം ഈ കമ്മിറ്റി എന്നും ഇതിൽ ഏഴ് അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് വാർഡ് സമിതിയും ജാഗ്രതാ കമ്മിറ്റിയും രൂപീകരിക്കേണ്ടതും പ്രവൃത്തിയുടെ കംപ്ലീഷൻ റിപ്പോർട്ടിനോട് ചേർത്ത് മോണിറ്ററിങ്ങ് റിപ്പോർട്ട് വെക്കണമെന്നും നിർദേശിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം വാർഡ് കമ്മിറ്റിയും 7 അംഗങ്ങൾ ഉള്ള ജാഗ്രതാ മേൽനോട്ട കമ്മിറ്റിയും പ്രവൃത്തി സ്ഥലത്ത് രൂപീകരിക്കുകയും പ്രവൃത്തി വിലയിരുത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തതിന്റെ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.21) നൽകിയിട്ടുണ്ട്. ഇതിനുള്ള മറുപടിയായി ഹാജരാക്കിയ ഫയൽ രേഖകളിൽ നിന്ന് ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയതായി വ്യക്തമാകുന്നില്ല. വരും വർഷങ്ങളിൽ പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. വരും വർഷങ്ങളിൽ ന്യൂനതകൾ ഒഴിവാക്കുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-29 ഡെപ്പോസിറ്റ് വർക്കുകൾ- വിനിയോഗിക്കാത്ത ₹54,57,933/- തിരികെ ഈടാക്കുന്നില്ല.

പ്രൊജക്റ്റ് നമ്പർ, പേര്	148/25, കുടിവെള്ളപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
നിർവ്വഹണോദ്യോഗസ്ഥ	സെക്രട്ടറി
ആകെ അടങ്കൽ	5793183/- രൂപ
ആകെ ചെലവ്, ചെക്ക് നമ്പർ/തീയതി	5793183/- രൂപ (സി.എഫ്.സി.) 012538016682/21-1-2025(5310000/-) 022513345237/6-2-2025(483183/-)

കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രൊജക്റ്റിനായി വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ച് 5310000/- രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കി. പിന്നീട്, ബാലൻസ് പ്രവൃത്തികൾക്കായി 515000/- രൂപ കൂടി ആവശ്യമുണ്ടെന്ന് വാട്ടർ അതോറിറ്റിയുടെ അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, അംഗീകരിക്കപ്പെട്ട പ്രൊജക്റ്റിലെ നീക്കിയിരിപ്പ് ഉള്ള 483183/- രൂപയും ബാക്കി തനത് ഫണ്ടിൽനിന്ന് 31817/- രൂപയും (ചെക്ക് നമ്പർ 003042 തീ 7-2-2025) ചേർത്ത് 515000/- രൂപ അടവാക്കുകയായിരുന്നു. പ്രൊജക്റ്റ് പൂർത്തിയാക്കിയശേഷം വാട്ടർ അതോറിറ്റി ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രങ്ങൾ പ്രകാരം 5310000/- രൂപയിൽ 2729900/- രൂപ വിനിയോഗിച്ചതായും 2580100 രൂപ ബാലൻസ് ഉണ്ടെന്നും 515000/- രൂപയിൽ (483183 + 31817) 288992/- രൂപ വിനിയോഗിച്ചതായും 226008/- രൂപ ബാലൻസ് ഉണ്ടെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കിയിട്ടില്ല.

ഒരു പ്രൊജക്റ്റ് രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി തുക ഡെപ്പോസിറ്റ് ചെയ്തതിന് ശേഷമാണ് പ്രൊജക്റ്റിന്റെ ബാലൻസ് പ്രവൃത്തികൾക്ക് എന്ന നിലക്ക് വീണ്ടും തുക അടവാക്കിയിട്ടുള്ളത്. ആദ്യ എസ്റ്റിമേറ്റ് സമഗ്രമായിരുന്നില്ല എന്നതിനാലാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അംഗീകരിക്കപ്പെട്ട പ്രൊജക്റ്റ് തുകയെക്കാളും അധികമായി 31817/- രൂപ തനത് ഫണ്ടിൽ നിന്ന് വകയിരുത്തി ചെലവിടേണ്ടിവന്നിട്ടുള്ളത്. ആദ്യഗഡുവായി അടവാക്കിയ മുൻകൂറിൽ പകുതിയോളം തുക ചെലവഴിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ രണ്ടാമതും തുക അടവാക്കിയതിന് വ്യക്തമായ കാരണങ്ങളില്ല. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മേൽ പ്രൊജക്റ്റിന്റേതും മുൻ വർഷപ്രൊജക്റ്റുകളുടേതുമായ അൺസ്പെന്റ് ബാലൻസ് തുകകളായി നാളിതുവരെ ആകെ 54,57,933/- രൂപ വാട്ടർ അതോറിറ്റി വശം നിലനിൽക്കുന്നതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. പ്രൊജക്റ്റിനായി വാട്ടർ അതോറിറ്റിക്ക് നല്കിയ തുകകളിൽ, ബന്ധപ്പെട്ട വിനിയോഗസാക്ഷ്യപത്രങ്ങളിൽ അൺസ്പെന്റ് ബാലൻസ് ആയി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള തുകകൾ തിരികെ ലഭ്യമാക്കി അതാത് അക്കൌണ്ടുകളിലേക്ക് തിരികെ അടവാക്കാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ താൽപര്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 27 തീയതി 23-1-2026) നല്കിയെങ്കിലും മറുപടി

ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രങ്ങൾ പ്രകാരം അൺസ്പെന്റ് ബാലൻസ് ആയി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള തുകകൾ തിരികെ ഈടാക്കി അതാത് ഫണ്ടുകളിലേക്ക് തിരികെ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രൊജക്റ്റിൽ വിനിയോഗിക്കാതെ ബാക്കി നിൽക്കുന്ന തുകയായ 2806108/- രൂപ (2580100+226008) തിരികെ ഈടാക്കിയിട്ടില്ലാത്തതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 കുറ്റിക്കാട്ടുകര സ്കൂൾ മെയിന്റനൻസ്-ഇനം മാറ്റി ചെയ്തതിനാൽ 34879/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ നമ്പർ/ പേര്	268/25 കുറ്റിക്കാട്ടുകര സ്കൂൾ മെയിന്റനൻസ്
അടങ്കൽ	തനത് ഫണ്ട്-800000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	നഗരസഭാ എഞ്ചിനിയർ
ചെലവ് വിവരം	₹690971/-(ചെക്ക് നമ്പർ/തീയതി-135042/05.08.2024)
കരാറുകാരൻ	ഷാജി.വി.കെ

നഗരസഭാ എഞ്ചിനിയർ നിർവ്വഹണം നടത്തിയ കുറ്റിക്കാട്ടുകര സ്കൂൾ മെയിന്റനൻസ് എന്ന പ്രോജക്ടിൽ സ്കൂൾ കെട്ടിടം പെയിന്റിംഗ്, കെട്ടിടത്തിന്റെ വരാന്ത 85 മീറ്റർ ട്രസ്സ് വർക്ക് തുടങ്ങിയ പ്രവൃത്തികളാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത്. എസ്റ്റിമേറ്റ് പ്രകാരം സ്കൂൾ കെട്ടിടം പെയിന്റിംഗ് 2078.260എം^{2} (14.53.1 DAR) എം^{3} ന് 99.65 നിരക്കിലാണ് തയ്യാറാക്കിയത്. ഇതുമായി ബന്ധപ്പെട്ട് കരാറുകാരൻ എം^{3} ന് 70 രൂപ നിരക്കിലാണ് 14.53.1 DAR പ്രവൃത്തി ചെയ്യുന്നതിന് എഗ്രീമെന്റ് വെച്ചത്. എന്നാൽ പ്രവൃത്തി ചെയ്തപ്പോൾ 14.66.1 ലെ നിരക്ക് ആയ 101.68/-രൂപയാണ് കരാറുകാരന് അനുവദിച്ചത്. 14.66.1 പ്രകാരം 1101 എം^{2} പെയിന്റിംഗ് ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ/തീയതി-22/21-01-26) മറുപടി ലഭ്യമാക്കിയിരുന്നു. മറുപടി പ്രകാരം കെട്ടിടത്തിന്റെ ചോർച്ച മൂലം ഭിത്തിയിലൂടെ വെള്ളം ഒലിച്ചിറങ്ങി ഭിത്തിയിൽ ഉണ്ടായിരുന്ന പെയിന്റ് പലഭാഗങ്ങളിലും അടർന്ന് പോയ നിലയിലായിരുന്നുവെന്നും റീപ്ലാസ്റ്ററിംഗ് ചെയ്തതിന് ശേഷമാണ് പെയിന്റ് ചെയ്തത് എന്നുമാണ്. എന്നാൽ ഇതേ ഭിത്തിയിൽ പ്രൈമർ കോട്ട് പെയിന്റ് ചെയ്തതിന് ശേഷമാണ് ഇനം 14.66.1 Finish Walls With Acryllic Smooth Exterior Paint ഉപയോഗിച്ചതെന്നതും വ്യക്തമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് ഇത്തരം കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്. കൂടാതെ പ്രൈസ് സോഫ്റ്റ്‌വെയറിൽ എക്സ്ട്രാ ഇനം കൊടുക്കുമ്പോൾ അതേ നിരക്ക് തന്നെയാണ് വരുന്നതെന്നും ആയതിനാലാണ് എഗ്രിമെന്റ് വെച്ച തുകയിലേക്ക് ഈ ഇനത്തിന്റെ നിരക്ക് ചുരുക്കാൻ കഴിയാത്തതെന്നും വ്യക്തമാക്കിയിരുന്നു. എക്സ്ട്രാ ഇനം ഉപയോഗിക്കുമ്പോൾ അക്കാര്യം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ഇനം മാറ്റി നൽകിയതിനാൽ കരാറുകാരന് 1101x101.68-1101x70 =34879.68/-. 34879/-രൂപ അധിക തുക നൽകാൻ ഇടയായിട്ടുണ്ട്. ടി തുക 34879/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 മണലിപ്പള്ളം കാന നിർമ്മാണം പൂർത്തീകരണം

പ്രോജക്ടിന്റെ നമ്പർ/ പേര്	364/25 മണലിപ്പള്ളം കാന നിർമ്മാണം പൂർത്തീകരണം
അടങ്കൽ	₹3500000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്-2379000/- തനത് ഫണ്ട്-1121000/-)
നിർവ്വഹണ ഉദ്യോഗസ്ഥൻ	നഗരസഭാ എഞ്ചിനിയർ
ചെലവ് വിവരം	₹1950086/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്-432/18.02.2025)
കരാറുകാരൻ	ഷാജഹാൻ കെ.എം

നഗരസഭാ എഞ്ചിനിയർ നിർവ്വഹണം നടത്തിയ മണലിപ്പള്ളം കാന നിർമ്മാണം പൂർത്തീകരണം എന്ന പ്രോജക്ടിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയത് 240 മീറ്റർ നീളത്തിലും 1.30 മീറ്റർ വീതിയിലും 1.30 മീറ്റർ താഴ്ചയിലുമാണ് കാന പുതിയതായി നിർമ്മിക്കുന്നതിന് വേണ്ടിയാണ്. ഇതുമായി ബന്ധപ്പെട്ട താഴെ ചേർത്ത അപാകതകൾ കാണുന്നു.

1) 223.8 മീറ്റർ നീളത്തിൽ 1.30 മീറ്റർ വീതിയിലും 1.30 മീറ്റർ താഴ്ചയിലുമാണ് എർത്ത് വർക്ക് എസ്കവേഷൻ നടത്തിയിട്ടുണ്ട്. അതായത് 340.89 എം^{3} മണ്ണ് മാറ്റിയിട്ടുള്ളതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എം^{3} ന് 389/-രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ വിവരം എം.ബുക്കിൽ

ഉൾപ്പെടുത്തുകയോ ലേലം ചെയ്തതിന്റെ രേഖപ്പെടുത്തലുകളോ കാണുന്നില്ല.

2) എം ബുക്ക് പ്രകാരം 223.80 മീറ്റർ നീളത്തിൽ റോഡിന് നടുവിലായി ഡ്രെയിൻ വാൾ നിർമ്മിച്ചിട്ടുണ്ട്. അതിന് ആനുപാതിക മായി കവർ സ്ലാബ് നിർമ്മിച്ചതായി കാണുന്നില്ല. ആകെ 339 കവർ സ്ലാബുകൾ ഒന്നിന് .50 മീറ്റർ നീളത്തിൽ നിർമ്മിച്ചതായി കാണുന്നു. അതായത് 339X.5=169.5 മീറ്റർ നീളത്തിൽ മാത്രമാണ് കവർ സ്ലാബ് നിലവിൽ നിർമ്മിച്ചിട്ടുള്ളത്. 1.30 മീറ്റർ വീതിയിൽ കാന റോഡിന് നടുവിലൂടെ നിർമ്മിച്ചതിനാൽ കവർ സ്ലാബ് നിർബന്ധമായും ഇടേണ്ടതാണ്. ഒരേ നിരപ്പിലും റോഡും കാനയും ഉള്ളതിനാൽ വാഹന ഗതാഗതത്തിന് അപകട സാധ്യത കൂടുതലുമാണ്. കാനയും റോഡും ഉൾപ്പെടെ 3.5 മുതൽ 4 മീറ്റർ വീതയിലാണ് റോഡ് നിൽക്കുന്നത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12/20.01.2026) നൽകിയതിന് മറുപടി ലഭ്യമാക്കിയിരുന്നു. മറുപടി പ്രകാരം മേൽ റോഡിന്റെ വലത് വശത്ത് നിലവിൽ ഒരു കാന ഉണ്ടായിരുന്നുവെന്നും കാനയ്ക്ക് ആഴം കുറവായതിനാലും കാനയുടെ സ്ലോപ്പ് കറക്ട് അല്ലാത്തതിനാലും കാനയിൽ വെള്ളം നിറഞ്ഞ് റോഡിൽ വെള്ളകെട്ട് നേരിടുന്ന അവസ്ഥയായിരുന്നു. ആയതിനാൽ പുതിയ കാനയ്ക്ക് വേണ്ടി മണ്ണ് എടുക്കുന്നതിനനുസരിച്ച് നിലവിൽ ഉണ്ടായിരുന്ന കാന മൂടുകയുമാണ് ഉണ്ടായത്. ആയതിനാൽ പഴയ കാന ഫില്ലിംഗ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ടി കാന ഫിൽ ചെയ്യുന്നതിന് 144 എം^{3} മണ്ണ് ആവശ്യമായി വന്നിരുന്നു. ബാക്കി വന്ന മണ്ണ് നഗരസഭ സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി ക്ലീൻ സിറ്റി മാനേജർക്ക് കൈമാറിയെന്നുമാണ്. മേൽ വ്യക്തമാക്കിയ കാര്യങ്ങൾ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ മുൻ (2023-24)പ്രവൃത്തി പ്രകാരം 90 മീറ്റർ കാനയുടെ ആദ്യ ഭാഗം നിർമ്മിച്ചുവെന്നും അടങ്കൽ തുകയിൽ ബാക്കി തുക നീക്കിയിരിപ്പ് ഉണ്ടായതിനാൽ 108 സ്ലാബുകൾ അധികം ആ സമയത്തെ പ്രവൃത്തിയോടൊപ്പം നിർമ്മിച്ചുവെന്നും മറുപടിയിൽ വ്യക്തമാക്കിയിരുന്നു. മേൽ പറഞ്ഞ വിവരങ്ങളും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നഗരസഭാ ഭരണസമിതി മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി അന്വേഷണം നടത്തി നിജസ്ഥിതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-32 ചേരാനല്ലൂർ ഫെറി റോഡ് മെയിന്റനൻസ്- അപാകത

പ്രോജക്റ്റിന്റെ നമ്പർ/ പേര്	270/25 ചേരാനല്ലൂർ ഫെറി റോഡ് മെയിന്റനൻസ്
അടങ്കൽ	₹2275000/-(തനത് ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	നഗരസഭാ എഞ്ചിനിയർ
ചെലവ് വിവരം	₹2087395/-(ചെക്ക് നമ്പർ/തീയതി-2984/07.01.2025)
കരാറുകാരൻ	ഷാജഹാൻ കെ.എം
അളവ് പുസ്തകം	LSGD/CELSGD/EST/47644/2023 5_1_1/RE-2

നഗരസഭാ എഞ്ചിനിയർ നിർവ്വഹണം നടത്തിയ ചേരാനല്ലൂർ ഫെറി റോഡ് മെയിന്റനൻസ് എന്ന പ്രോജക്റ്റിൽ 2087395/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ കാണുന്നു.

1) 650 മീറ്റർ നീളത്തിൽ റീടാറിംഗ് നടത്തുന്നതിന് വേണ്ടിയുള്ള പ്രോജക്റ്റാണ് തയ്യാറാക്കിയത്. എന്നാൽ ഇതു സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. എം.ബുക്ക് പരിശോധിച്ചതിൽ നിന്നാണ് മേൽ പ്രവൃത്തി 650 മീറ്റർ ചെയ്തതിന്റെ വിവരം ലഭിച്ചത്.

2) മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ടിൽ സുബൈദ നൂറുദ്ദീൻ എന്ന വ്യക്തി മാത്രമാണ് ഒപ്പ് ഇട്ടിട്ടുള്ളത്. ആയതിനാൽ മോണിറ്ററിംഗ് റിപ്പോർട്ട് പൂർണ്ണമല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3) മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്.ഷാജി,കൗൺസിലർ വാർഡ്-26, വി.എസ്.ജെസ്സി,ക്ഷേമകാര്യ ചെയർ പേഴ്സൺ, ദിവ്യ നോബി,കൗൺസിലർ വാർഡ്-27 എന്നിവർ റോഡ് റീ ടാറിംഗ് പ്രവൃത്തി ചെയ്തതിന് ശേഷം ഒരാഴ്ച്ചയ്ക്കുള്ളിൽ റോഡിൽ പലഭാഗങ്ങളിലും തകരാറുകൾ സംഭവിച്ചതായും കുഴികൾ രൂപപ്പെട്ടതായും ചൂണ്ടിക്കാണിച്ച് ചെയർമാന് കത്ത് നൽകിയിട്ടുണ്ട്. റോഡിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് യാതൊരു വ്യക്തതയും ഓഡിറ്റിൽ ലഭിച്ചില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/20.01.26) നൽകിയതിന് മറുപടി ലഭ്യമാക്കിയിരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ച ദിവസം തന്നെ അപ്രതിക്ഷിതമായി കനത്ത മഴ പെയ്തതിനെ തുടർന്ന് വർക്ക് തീർന്ന ദിവസം തന്നെ മഴവെള്ളം ദീർഘനേരം തങ്ങിനിന്നതിനാലാണ് റോഡിന്റെ പലഭാഗങ്ങളിലും തകരാർ സംഭവിച്ചത് എന്നാണ് മറുപടിയിൽ വ്യക്തമാക്കിയത്. എം ബുക്ക് പ്രകാരം പണി പൂർത്തിയാക്കിയെന്ന് അവസാന ചെക്ക് മെഷർ ചെയ്തത് 22.06.2024 തീയതിയിലാണ്. പിന്നീട് ടി റോഡിന്റെ അപാകതകൾ കരാറുകാരൻ പരിഹരിച്ചതിന് ശേഷമാണ് ബിൽ തുക

കൈമാറിയതെന്നും വ്യക്തമാക്കി. 22.06.2024 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അവസാന ചെക്ക് മെഷർ ചെയ്തിരിക്കുന്നത്. അതിനുശേഷം കരാറുകാരന് 07.01.2025 തീയതിയിൽ ചെക്ക് നൽകുകയും ചെയ്തു. ടി വിഷയം സംബന്ധിച്ച് നഗരസഭ കൗൺസിൽ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി അന്വേഷണം നടത്തി റോഡ് പണി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും അപാകതകൾ മുഴുവൻ പരിഹരിച്ചിട്ടുണ്ടോയെന്നും ഉറപ്പ് വരുത്തേണ്ടതാണ്. റോഡ് പ്രവൃത്തി കൃത്യമായി പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ കരാറുകാരനെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതാണ്.

1-33 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 11508/- രൂപ തൊഴിൽനികുതി അടവാക്കി.

IFTE & OS ലൈസൻസെടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 17(3)/21-01-2026) നൽകിയതിനെ തുടർന്ന് താഴെ ചേർത്ത പ്രകാരം 11,508/- രൂപ അടവാക്കി.

ക്രമ നം	സ്ഥാപനം	അടവാക്കിയ തുക (₹)	രസീത് നം
1	പ്രധാൻമന്ത്രി ജൻ ഔഷധി കേന്ദ്രം	1620/-	R-M071000-25011206/ 23-01-2026
2	ശാലോം കേറ്ററിംഗ്	1908/-	R-M071000-25011201/ 23-01-2026
3	അമൃത സാഗർ ഫാർമ	6360/-	R-M071000-25011193/ 23-01-2026
4	എസ്. കെ. ആയുർവേദ ക്ലിനിക്ക്	1620/-	R-M071000-25011204/ 23-01-2026
ആകെ			11508/-

1-34 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-അപാകത

പ്രോജക്ടിന്റെ നമ്പർ/ പേര്	267/25 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്
അടങ്കൽ	2108000/- (തനത് ഫണ്ട്-1400000/-, സി.എഫ്.സി ഫണ്ട്-708000)
നിർവ്വഹണ ഉദ്യോഗസ്ഥൻ	നഗരസഭാ എഞ്ചിനിയർ
ചെലവ് വിവരം	₹1200000/-(തനത് ഫണ്ട്-492000 1)400000/-(ചെക്ക് നം.5513/31.03.2025) 2)92000/-(ചെക്ക് നം.002725/12.11.2024) 3)സി.എഫ്.സി.ഫണ്ട്-708000/- (400000- ബിൽ നമ്പർ/ തീയതി-125/07-09-2024, 308000-ബിൽ നമ്പർ/തീയതി-194/12-10-2024)
കരാറുകാരൻ	അക്ഷര ഇലക്ട്രിക്കൽസ്

ഏലൂർ നഗരസഭയിലെ 30 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രവൃത്തി നടത്തിയതിന് 12,00,000/- അനുവദിച്ചിട്ടുണ്ട്. മൂന്ന് മാസം കൂടുമ്പോൾ 4,00,000/-രൂപ അനുവദിക്കുകയാണ് ചെയ്യുന്നത്. നഗരസഭയിലെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രോജക്ടിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

1) നഗരസഭയിലെ മുഴുവൻ വാർഡുകളിലും ആകെ എത്ര സ്ട്രീറ്റ് ലൈറ്റ് പോസ്റ്റുകൾ, ലൈറ്റുകൾ എന്നിവയുണ്ടെന്ന് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇത്തരം പ്രവൃത്തി ചെയ്യുന്നതിന് മുൻപ് ഡീറ്റെൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. നഗരസഭ കെ.എസ്.ഇ.ബി. യുമായിട്ട് സംയുക്ത പരിശോധന നടത്തി നിലവിലുള്ള പോസ്റ്റുകളുടെ എണ്ണം കൃത്യമാക്കേണ്ടതാണ്. തൻ വർഷം 2108000/-രൂപ അടങ്കൽ തയ്യാറാക്കിയതിന് അനുബന്ധ വിവരങ്ങൾ എപ്രകാരമാണ് തയ്യാറാക്കിയതെന്ന് വ്യക്തമല്ല.

2) പ്രവൃത്തിയുമായി ബന്ധപ്പെട്ട് കൗൺസിൽ മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിനോടൊപ്പം ലഭ്യമാക്കിയതിൽ പലതിലും എത്ര സ്ട്രീറ്റ് ലൈറ്റ് വാങ്ങി ഉപയോഗിച്ചുവെന്നതുള്ള കാര്യം വ്യക്തമാക്കിയിട്ടില്ല. വിവിധ വാർഡുകളിലെ സാക്ഷ്യപത്രത്തിൽ എല്ലാ ലൈറ്റുകളും മെയിന്റനൻസ് ചെയ്തുവെന്നുമാത്രമാണ്

രേഖപ്പെടുത്തിയത്. ഇപ്രകാരം സാക്ഷ്യപത്രം നൽകുന്നതിലൂടെ കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

3) 29.08.2024 ലെ 20(1)കമ്മറ്റി തീരുമാനത്തിൽ നഗരസഭയിൽ 2023-24 സാമ്പത്തിക വർഷം മുൻ വർഷങ്ങളിൽ നീക്കിയിരിപ്പായി നിൽക്കുന്ന ഇലക്ട്രിക്കൽ മെറ്റീരിയൽസ് ലേലം ചെയ്യുന്നതിന് പകരം അടുത്ത സാമ്പത്തിക വർഷത്തിൽ ഉപയോഗിക്കുന്നതിന് വേണ്ടി കമ്മറ്റി തീരുമാനം എടുത്തിരുന്നു. എന്നാൽ ആയത് ഉപയോഗിച്ചതിന്റെ രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല. മേൽ മെറ്റീരിയൽസ് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ഇതിന്റെ മൂല്യം കണക്കാക്കി തൻവർഷം കരാറുകാരനിൽ നിന്നും തുക കുറവ് വരുത്തേണ്ടതായിരുന്നു. ഇപ്രകാരം ചെയ്തതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ-30/24.1.2026 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഗരസഭയിലെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് സുതാര്യവും കാര്യക്ഷമവുമാക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-35 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നഗര മേഖലയിലേക്ക് പ്രധാനമായും 2 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. മുനിസിപ്പാലിറ്റിക്ക് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം . (പാസ്സ് ബുക്ക് പ്രകാരം)

ക്രമ. നം.	സ്കീം	21-22 (₹)	22-23 (₹)	23-24 (₹)	24-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs	-	-	29,76,104 (25,70,000 + 32104 പലിശ)	പലിശ 50356
2	അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs)	-	83,20,496 (82,00,000+ 12,04,96 പലിശ)	32,21,830 (28,94,000+ 3,27,830 പലിശ)	31,85,920 (2,751,000 + 434920 പലിശ)

കുറിപ്പ്: 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം. (വാർഷിക ധനകാര്യ പത്രിക പ്രകാരം)

ക്രമ. നം.	സ്കീം	21-22 (₹)	22-23 (₹)	23-24 (₹)	24-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs	-	-	94,912	25,62,895
2	അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs)	-	-	48,05,382	39,09,940

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ് ഇൻ അർബൻ PHC’ s	
പ്രോജക്ട്	ചെലവ്

	2021-22	2022-23	2023-24	2024-25
ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	-	-	94,912	25,62,895
അർബൻ ഹെൽത്ത് & വെൽനസ് സെന്റേഴ്സ് (HWCs)				
ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് സെന്റർ	-	-	₹48,05,382	₹39,09,940

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം .

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഏലൂർ മുനിസിപ്പാലിറ്റിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs (3201002) Bank Of Baroda A/C No. 92740100009982	അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs) (3201001) Bank Of Baroda – A/C No. 92740100009981
മുന്നിരുപ്പ്	₹28,81,192	₹67,36,944
വരവ് (പലിശ ഉൾപ്പെടെ)	₹50,356	₹31,85,920
ആകെ	₹29,31,548	₹99,22,864
ചെലവ്	₹25,62,895	₹39,09,940
നീക്കിയിരുപ്പ്	₹3,68,653	₹60,12,924

ഹെൽത്ത് ഗ്രാന്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ഏലൂർ നഗരസഭ പ്രധാനമായും 2 സ്കീമുകളിലായിട്ടാണ് ഹെൽത്ത് ഗ്രാന്റ് തുക വിഭജനം നടത്തിയിട്ടുള്ളത്. അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs) - (3201001), സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs - (3201002) എന്നീ ഹെഡുകളിലാണ് ഹെൽത്ത് ഗ്രാന്റ് തുകയുടെ ട്രാൻസാക്ഷൻ രേഖപ്പെടുത്തുന്നത്. 3201001 ഹെഡിലെ തുകകൾ BOB Health Grant - 92740100009981 നമ്പർ അക്കൗണ്ടിലും 3201002 ഹെഡിലെ ഹെഡിലെ തുകകൾ BOB Diagnostic Infrastructure - 92740100009982 നമ്പർ അക്കൗണ്ടിലുമാണ് സൂക്ഷിക്കുന്നത്.എന്നാൽ ടി ഹെഡുകൾ അല്ലാതെ 3201003 - Grants For Specific Purposes -Health Grant Towards Buildingless Subcentres, PHCs And CHCs എന്ന ഹെഡിൽ തൻ വർഷം 5,00,000/- രൂപ മുന്നിരിപ്പും 318021/- രൂപ ചെലവും 181979/- രൂപ നീക്കിയിരിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ടി ഹെഡ് പ്രകാരമുള്ള നീക്കിയിരിപ്പ് കാണുന്നില്ല. ടി ഹെഡിലെ ഹെൽത്ത് ഗ്രാന്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല. ടി ഹെഡ് ഹെൽത്ത് ഗ്രാന്റ് തുകക്ക് ഉപയോഗിക്കുന്നതാണെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നും ഈ ഹെഡിലെ തുക ഏത് ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നതെന്ന വിവരവും ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും ടി തുക ഹെൽത്ത് ഗ്രാന്റ് അല്ലെങ്കിൽ ഈ ഹെഡിൽ ട്രാൻസാക്ഷൻ രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (29/24-01-2026) നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമായില്ല. അപാകത്തിന് വിശദീകരണവും, മേൽ സൂചിപ്പിച്ച രേഖകളും ലഭ്യമാക്കേണ്ടതാണ്.

2) ഹെൽത്ത് ഗ്രാന്റ് തുകയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് (പാസ്സ് ബുക്ക്) പ്രകാരമുള്ള പിൻവലിക്കൽ തുകയും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യ പത്രികയിലെ ചെലവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ്	ബാങ്ക് അക്കൗണ്ട്	സാമ്പത്തിക വർഷം	ബാങ്ക് അക്കൗണ്ട് പിൻവലിക്കൽ	സുലേഖ ചെലവ് പ്രകാരം	വാർഷിക ധനകാര്യ പത്രിക

				പ്രകാരം ചെലവ്	ചെലവ്	പ്രകാരം ചെലവ്
1	3201001 - Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres	BOB Health Grant - 92740100009981	2023-2024	4805382	5175672	5435639
			2024-2025	3909940	118721	5759309
2	3201002 - Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	OB Diagnostic Infrastructure - 92740100009982	2023-2024	ലഭ്യമല്ല.	658803	ലഭ്യമല്ല.
			2024-2025	2562895	1931798	2229046

3201002 - Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs ഹെഡ് 2023-2024 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രികയിൽ B-4 ൽ നീക്കിയിരിപ്പിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ടി ഹെഡിന്റെ ട്രാൻസാക്ഷൻ വിവരങ്ങൾ മുൻവർഷം വാർഷിക ധനകാര്യ പത്രികയിൽ ഏത് ഹെഡിലാണ് രേഖപ്പെടുത്തിയതെന്നും ആയതിന്റെ വരവും ചെലവും രേഖപ്പെടുത്തിയ വിവരവും ടി ഹെഡിന്റെ 2021-22 മുതലുള്ള ലെഡ്ജറും ലഭ്യമാക്കേണ്ടതാണ്.

2) ഹെൽത്ത് ഗ്രാന്റ് തുകയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് തുകയും വാർഷിക ധനകാര്യ പത്രികയിലെ വരവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ്	ബാങ്ക് അക്കൗണ്ട്	സാമ്പത്തിക വർഷം	ബാങ്ക് അക്കൗണ്ട് പ്രകാരം വരവ്	വാർഷിക ധനകാര്യ പത്രിക പ്രകാരം വരവ്
1	3201001 - Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres	BOB Health Grant - 92740100009981	2022-2023	8320496	8320496
			2023-2024	3221830	3221830
			2024-2025	3185920	5626672
2	3201002 - Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	OB Diagnostic Infrastructure - 92740100009982	2022-2023	ലഭ്യമല്ല.	ലഭ്യമല്ല.
			2023-2024	ലഭ്യമല്ല.	ലഭ്യമല്ല.
			2024-2025	50356	50356

3201001 - Grants For Specific Purposes - Health Grant Towards Conversion Of PHCs And

Subcentres Into Health And Wellness Centres ഗ്രാന്റ് വരവ് തൻവർഷം വാർഷിക ധനകാര്യ പത്രിക പ്രകാരം 5626672/- രൂപയാണ് ലഭ്യമായത്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം വരവ് 3185920/- രൂപയാണ്. ഈ ഹെഡിന്റെ ലെഡ്ജറിൽ 2751000/- രൂപ രണ്ട് തവണ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം ഒരു തവണയാണ് തൻ വർഷം ഈ വരവുള്ളത്. 10-09-2024 ൽ 310246/- രൂപ വരവ് വന്നതായി പാസ്സ്ബുക്കിൽ (ബാങ്ക് സ്റ്റേറ്റ്മെന്റ്) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ വരവ് ടി ഹെഡിന്റെ ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (34/27-01-2026) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അപാകം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വ്യത്യാസത്തിന് കാരണമെന്തെന്ന് കണ്ടെത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-36 സർവ്വീസ് പെൻഷൻ വിതരണവിവരങ്ങൾ

ഏലൂർ മുനിസിപ്പാലിറ്റിയിൽ നിന്നും നിലവിൽ 6 റഗുലർ പെൻഷൻകാർക്കാണ് പെൻഷൻ വിതരണം നടത്തുന്നത്. മുനിസിപ്പാലിറ്റിയിൽ കണ്ടിജന്റ് പെൻഷൻകാരില്ല. 01.07.2019 ന് മുമ്പ് വിരമിച്ച റഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ സ.ഉ.(അ)30/2021/ധന/12.02.2021, സ.ഉ.(അ) 35/2021/ധന /23.02.2021 എന്നീ ഉത്തരവുകൾ പ്രകാരവും 01.07.2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് പെൻഷൻ ബുക്കുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പെൻഷൻ വിതരണം സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) റഗുലർ പെൻഷണർമാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	*B*	*C*	*D*	*E (A+B+C+D)*
A.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	5	-	-	-	5
B.	തൻവർഷം അനുവദിക്കപ്പെട്ടവർ	1	-	-	-	1
C.	തൻവർഷം മരണപ്പെട്ടവർ / ഒഴിവാക്കപ്പെട്ടവർ	-	-	-	-	-
D.	വർഷാവസാനം ഉള്ള പെൻഷണർമാർ (A+B) - (C)	6	-	-	-	6

B) പെൻഷൻ വിതരണ വിവരം : ഓഡിറ്റ് വർഷം റഗുലർ പെൻഷൻ ഇനത്തിൽ താഴെ ചേർക്കും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

മാസം	വൗച്ചർ നം.	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ	ആകെ	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തീയതി
04/2024	24000016 - 16-04-2024	118543	-	-	-	118543	16-04-2024
05/2024	24000082 - 03-05-2024	91944	-	-	-	91944	03-05-2024
06/2024	24000300 - 24-06-2024	91944	-	-	-	91944	24-06-2024
07/2024	24000440 - 31-07-2024	91944	-	-	-	91944	31-07-2024

08/2024	24000456 - 05-08-2024	91944	-	-	-	-	91944	05-08-2024
09/2024	24000591 - 03-09-2024	91944	-	-	-	-	91944	03-09-2024
10/2024	24000794 - 14-10-2024	91944	-	-	-	-	91944	14-10-2024
11/2024	24000931 - 05-11-2024	95090	-	-	-	-	95090	105-11-2024
12/2024	24001101 - 02-12-2024	95090	-	-	-	-	95090	02-12-2024
01/2025	24001313 - 01-01-2025	95090	-	-	-	-	95090	01-01-2025
02/2025	24001466 - 04-02-2025	95090	-	-	-	-	95090	04-02-2025
03/2025	24001648 - 04-03-2025	284353	-	-	-	-	284353	04-03-2025
ആകെ		1334920	-	-	-	-	1334920	

C) പെൻഷൻ വിതരണത്തിലെ അപാകതകൾ

ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്നതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. നിലവിൽ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് (ബാങ്ക് ഓഫ് ബറോഡ - നം.92740100002841), LGTSB അക്കൌണ്ട് (1113-799013000001167) എന്നിവയിൽ നിന്നുമാണ് പെൻഷൻ വിതരണത്തിനായി തുക ചെലവഴിക്കുന്നത്. പെൻഷൻ വിതരണത്തിനായി തയ്യാറാക്കുന്ന ചെക്കിൽ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുടെയുള്ള ചെലവ് തുകകളും കൂടി ഉൾപ്പെടുത്തിയാണ് തുക മാറുന്നത്.

ഓരോ പെൻഷൻകാരുടെയും വ്യക്തിഗത വിവരങ്ങൾ പെൻഷൻ വിതരണ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

D) പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിവരം

സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കണക്കാക്കി അർബൻ അഫയേഴ്സ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ല ട്രഷറിയിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 799011400007305 ൽ ചുവടെ ചേർക്കുന്നതു പ്രകാരം അടവാക്കിയിട്ടുണ്ട്.

മാസം	അടവാക്കേണ്ട തുക	അടവാക്കിയ തുക	ചെക്ക് നം./തീയതി	പണം അക്കൗണ്ടിൽ നിന്നും പിൻവലിച്ച തീയതി	അടവാക്കാൻ ബാക്കിയുള്ള തുക
04/24	113034	113034	MB135039/02-08-2024	02-08-2024	-
05/24	113224	113224	MB135039/02-08-2024	02-08-2024	-
06/24	113224	113224	MB135622/14-03-2025	14-03-2025	
07/24	113897	113897	MB135622/14-03-2025	14-03-2025	-
08/24	113897	113897	MB135622/14-03-2025	14-03-2025	-
09/24	114125	114125	MB135626/28-03-2025	28-03-2025	-
10/24	119724	119724	MB135626/28-03-2025	28-03-2025	-
11/24	118216	118216	MB135626/28-03-2025	28-03-2025	-
12/24	118216	118216	MB135626/28-03-2025	28-03-2025	-

01/25	118853	118853	MB135626/28-03-2025	28-03-2025	-
02/25	119030	119030	MB135626/28-03-2025	28-03-2025	-
03/25	119225	119225	003215/26-04-2025	26-04-2025	-
ആകെ	1394665	1394665			

പഞ്ചായത്തിൽ നിന്ന് നഗരസഭയിലേക്ക് സ്ഥലം മാറി വന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ വിവരം

മാസം	അടവാക്കേണ്ട തുക	അടവാക്കിയ തുക	ചെക്ക് നം./ തീയതി	അടവാക്കാൻ ബാക്കിയുള്ള തുക
04/24	15526	15526	MB135036/26-07-2024	-
05/24	15681	15681	MB135036/26-07-2024	-
06/24	15681	15681	MB135047/05-08-2024	-
07/24	15681	15681	MB135047/05-08-2024	-
08/24	15681	15681	MB135614/29-10-2024	-
09/24	15681	15681	MB135614/29-10-2024	-
10/24	16089	16089	002795/11-12-2024	-
11/24	16089	16089	002795/11-12-2024	-
12/24	16089	16089	003069/18-02-2025	-
01/25	16089	ലഭ്യമാക്കിയ രേഖകൾ പ്രകാരം അടവാക്കിയിട്ടില്ല.	-	-
02/25	16319	16319	003097/08-03-2025	-
03/25	16319	16319	003219/08-03-2025	-
ആകെ	207244/-	191155/-		-

01/25 മാസത്തെ അടവാക്കാനുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

E) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിവരം

മാസം	തുക	ഉത്തരവ് നം. / ചെക്ക് നം.	മുതൽക്കൂട്ടിയ ട്രഷറി അക്കൗണ്ട് നം.
തൻവർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി നഗരസഭയ്ക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടില്ല.			

F) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണവിവരം

തൻവർഷം നഗരസഭയിൽ താഴെ ചേർക്കും പ്രകാരം 1237278/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

ഇനം	തുക	ചെക്ക് നം.
ഡി.സി.ആർ.ജി	430885	MB135625/28-03-2025
കമ്മ്യൂട്ടേഷൻ	806393	MB135625/28-03-2025
ആകെ	1237278	

കണ്ടിജന്റ് പെൻഷൻ

നഗരസഭയിൽ നിയമനം ലഭിച്ച കണ്ടിജന്റ് വിഭാഗം ജീവനക്കാർ ആരും തന്നെ സേവനത്തിൽ നിന്നും വിരമിച്ചിട്ടില്ല. ആയതിനാൽ കണ്ടിജന്റ് പെൻഷൻ ഇനത്തിൽ നഗരസഭ ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഭാഗം -2

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്- 12300/- രൂപ നഷ്ടം

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്.

ക്രമ നം	സ്ഥാപനം	ജീവനക്കാരന്റെ പേര്, തസ്തിക	അർദ്ധ വർഷം	അർദ്ധ വാർഷിക വരുമാനം	ഈടാക്കിയ തൊഴിൽ നികുതി	ഈടാക്കേണ്ട തൊഴിൽ നികുതി	കുറവ്	രസീത് നമ്പർ
1	സ്റ്റിഗ്ഗൻ ഗാർഡ്നർ പ്രൈവറ്റ് ലിമിറ്റഡ്	ബബ്ലു ബെസ്റ, ഗാർഡ്നർ	2	71400	600	750	150	R-M071000-25000638 23-04-2025
		ഡേവേന്ദ്ര ബെസ്റ, ഗാർഡ്നർ	2	71400	600	750	150	
		ഷിബു മുർമു, ഗാർഡ്നർ	2	71400	600	750	150	
		അശോകൻ കെ. എം., ഗാർഡ്നർ	2	72558	600	750	150	
		വിജയ് റ്റുഡു , ഗാർഡ്നർ	2	71400	600	750	150	
2	FACT ഉദ്യോഗമണ്ഡൽ സ്കൂൾ	സെൽമ, ആയ	2	65262	600	750	150	R-M071000-24016063/ 18-03-2025
		ഹസീന കെ. എ, ആയ	2	64878	600	750	150	
		മിനി, ആയ	2	58200	450	750	300	
		ഷീബ ഉണ്ണികൃഷ്ണൻ, ആയ	2	55800	450	750	300	
		സുമിനി, ആയ	2	55800	450	750	300	
		എം. കെ വിജയ, ആയ	2	54000	450	750	300	
		ത്രേസ്യ പി. ജ, ഓഫീസ്	2	48300	450	750	300	
		അമ്പിളി ആർ.ബി, പ്രീ പ്രൈമറി	2	72000	600	750	150	
		അന്ന റാണി, പ്രീ പ്രൈമറി	2	66000	600	750	150	
		അമ്പിളി ശ്യാംകുമാർ, പ്രീ പ്രൈമറി	2	64800	600	750	150	
		അപർണ്ണ മോഹൻ, അക്കൗണ്ടന്റ്	2	63000	600	750	150	
		സജീവൻ എം. കെ, ഡ്രൈവർ	2	72000	600	750	150	
		ജഗന്നാഥൻ, ഡ്രൈവർ	2	72000	600	750	150	
		അഞ്ജന അജയകുമാർ, പി.ആർ.റ്റി	2	72000	600	750	150	
		സുമയ്യ, പി.ആർ.റ്റി	2	70200	600	750	150	
		ഉത്തര, പി.ആർ.റ്റി	2	69000	600	750	150	
3	FHC ഏലൂർ	ഷൈക റ്റി. ഇ, ലാബ് ടെക്നീഷ്യൻ	2	137100	1000	1250	250	R-M071000-24014628, R-

		ടിന്റ റ്റി പന്തനാലി, MLSP	2	134520	1000	1250	250	M071000-24014629/ 06-03-2025
		വിപിത്ത് കെ വിജയൻ, MLSP	2	134520	1000	1250	250	
		ജെമി ജോയ്, MLSP	2	134520	1000	1250	250	
		ശ്രുതി സുകുമാരൻ, MLSP	2	134520	1000	1250	250	
		മിനി, MLSP	2	134520	1000	1250	250	
4	24 * 7 PHC ഏലൂർ	ഷീജാമോൾ കെ. വി, ജൂനിയർ PH നഴ്സ് ഗ്രേഡ് II	2	71912	600	750	150	R-M071000-25008099/ 31-03-2025
5	മെഗാ ഫോംസ്	ബാബു തോമസ്, ഹെൽപ്പർ	2	72600	600	750	150	R-M071000-24016809/ 24-03-2025
		ലേഖ , ഹെൽപ്പർ	2	72600	600	750	150	
6	കസ്തൂർബ ഇംഗ്ലീഷ് മീഡിയം (സീനിയർ സെക്കൻഡറി സ്കൂൾ, മഞ്ഞുമ്മൽ	എ. കെ ഗോപാലകൃഷ്ണൻ, മാനേജർ	2	66000	600	750	150	R-M071000-24013848/ 25/02/2025
		ആതിര ജോർജ്ജ്, PRT	2	72000	600	750	150	
		ഹസ്ന വി. യു, PRT	2	72000	600	750	150	
		ഗായത്രി ശ്രീനിവാസൻ, ലൈബ്രേറിയൻ	2	72000	600	750	150	
		ദീപ പ്രഭ, ഓഫീസ് സ്റ്റാഫ്	2	72000	600	750	150	
		സിന്ധു എം. നായർ, ഓഫീസ് സ്റ്റാഫ്	2	72000	600	750	150	
		രാജരെശ്മി, ഓഫീസ് സ്റ്റാഫ്	2	67800	600	750	150	
		മേരി ഡെയ്സി, KG ടീച്ചർ	2	63600	600	750	150	
		മഹാലക്ഷ്മി, KG ടീച്ചർ	2	63600	600	750	150	
		രെജനിമോൾ, KG ടീച്ചർ	2	63600	600	750	150	
		ശ്രീജ കെ. എസ്, KG ടീച്ചർ	2	63600	600	750	150	
		രശ്മ, Pre-KG ടീച്ചർ	2	52200	450	750	300	
		ജയനന്ദൻ, ഡ്രൈവർ	2	72000	600	750	150	
		ക്രിസ്റ്റഫെർ, ഡ്രൈവർ	2	72000	600	750	150	
		നിമ്മി, ആയ	2	68538	600	750	150	
		അജിത, ആയ	2	67890	600	750	150	
		കൃഷ്ണേന്ദു, ആയ	2	63360	600	750	150	
		രെതി, ആയ	2	65502	600	750	150	

		ഷിബി, ആയ	2	63216	600	750	150	
		വത്സല, ആയ	2	48000	450	750	300	
		പ്രിയ, ആയ	2	56340	450	750	300	
		അമ്മിണി, ആയ	2	54000	450	750	300	
		ട്രീസ, ആയ	2	42300	300	600	300	
		ശശി പി. എൻ, സെക്യൂരിറ്റി	2	69000	600	750	150	
		കൃഷ്ണൻ കുട്ടി, സെക്യൂരിറ്റി	2	60000	600	750	150	
		മനോഹരൻ, ഡ്രൈവർ	2	72000	600	750	150	
		നസീറ, ആയ	2	54000	450	750	300	
7	സെൻ്റ്. ജോസഫ്സ് ഹോസ്പിറ്റൽ ട്രസ്റ്റ്, മഞ്ഞുമ്മൽ	ഡോ. ജയ് ബി. പട്ടം	2	120000	750	1000	250	R-M071000-24016887/ 24-03-2025
		ഡോ. ജേക്കബ് ചാക്കോ	2	120000	750	1000	250	
		ഡോ. അരുൺ ഊമ്മൻ	2	144000	1000	1250	250	
8	കർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻ്റ് & കൊമേഴ്സ്	പ്രജിംഷാ എ. പി	2	72000	600	750	150	R-M071000-24017095/ 26-03-2025
		ആൻമരിയ, പ്ലേസ്മെൻ്റ്സ്	2	59400	450	750	300	
		രസല സലാം, റിസപ്ഷണിസ്റ്റ്	2	44700	300	600	300	
ആകെ	12300/-							

തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് നിമിത്തം മുൻസിപ്പാലിറ്റിക്ക് ആകെ ₹12300/- നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 9 (2), തീയതി 20-01-2026) നൽകിയ മറുപടിയിൽ മുകളിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ കുറവ് വന്ന തുക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

2-2 ആംബുലൻസ് വാടക ഈടാക്കിയതിൽ കുറവ്

2024–25 സാമ്പത്തിക വർഷത്തിൽ ആംബുലൻസ് വാടകയ്ക്ക് നൽകിയ ഇനത്തിലുള്ള വരവുകളുടെ പരിശോധനയ്ക്കായി ലഭ്യമാക്കിയ രജിസ്റ്ററുകൾ, ബന്ധപ്പെട്ട ഫയലുകൾ, മാന്വൽ രസീത് ബുക്കുകൾ, വാഹനങ്ങളുടെ ലോഗ് ബുക്കുകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കി.

ആംബുലൻസിൻ്റെ വാടക ഈടാക്കുന്നതിനുപയോഗിക്കുന്ന കയ്യെഴുത്ത് രസീത് ബുക്ക് നമ്പർ 380 പ്രകാരം 29-10-2024 (രസീത് നമ്പർ 37957) മുതൽ 13-11-2024 (രസീത് നമ്പർ 37978) വരെ ആകെ ₹11,000/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ കെ-സ്മാർട്ട് രസീതുകൾ (രസീത് നമ്പർ: R-M071000-24008417 – R-M071000-24008432, തീയതി 13-11-2024) മുഖേന ₹8,000/- രൂപ മാത്രമാണ് നഗരസഭാ ഫണ്ടിലേക്ക് അടവാക്കിയിട്ടുള്ളത്. ആയതിനാൽ ₹3,000/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (35/27-01-2026) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. കുറവ് തുക ഉത്തരവാദിയായ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്ന് നിയമാനുസൃതമായി ഈടാക്കി നഗരസഭയുടെ തനത് ഫണ്ടിലേക്ക് അടവാക്കി, രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിൻ്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
38	₹2,05,500	₹190000	₹15,500	ഏപ്രിൽ 2025 ൽ ഒടുക്കു വരുത്തി (P-M071000-25000022/ 25.04.2025)

* 38 ജീവനക്കാർ X ₹500 X 1 മാസം = ₹19,000

36 ജീവനക്കാർ X ₹500 X 2മാസം = ₹36,000

32 ജീവനക്കാർ X ₹500 X 2 മാസം = ₹32000

31 ജീവനക്കാർ X ₹500 X 5 മാസം = ₹77,500

29 ജീവനക്കാർ X ₹500 X 2 മാസം = ₹29,000

കുടിശ്ശിക ഈടാക്കിയത് = ₹12,000

₹2,05,000

2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	മേയ് 2024	5500/-	5500/-	-	-

3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
മുനിസിപ്പാലിറ്റിയിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല				

4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

		ഉൾപ്പെടെ)			
1	നവംബർ 2024	5500	5500	-	-

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2024-25	2024-25ലെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രിക പരിശോധിച്ചത്.

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ നഗരസഭ സംയുക്തപ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി നഗരസഭ ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് വാട്ടർ അതോറിറ്റി ബോർഡ്

പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (148/2025)	1)376/20-01-2025 = 5310000 2)412/05-02-2025 = 483183	5793183	-	5793183
ആകെ		5793183	-	5793183

4-5 മൊബിലൈസേഷൻ അഡ്വാൻസ്

2024-25 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-6 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ / തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹)	തൻവർഷ വായ്പ(₹)	തൻവർഷം തിരിച്ചടച്ച തുക(₹)		വർഷാവസാനം തിരികെ അടവാക്കുവാനുള്ള തുക (₹)
				മുതൽ	പലിശ	
പി.എം.എ.വൈ. ഭവനപദ്ധതി (ഹഡ്കോയിൽ നിന്നുമുള്ള ലോൺ)	ജി.ഒ(എംഎസ്) 68/2018/ 18.05.18	9546666	0	866667	---	8679999

ജി.ഒ പ്രൊജക്ട് മുഖേന സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ	പ്രൊജക്ടിന്റെ പേര്	തുക
512/25	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)-രണ്ടാം ഗഡു	₹433333
513/25	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)-മൂന്നാം ഗഡു	₹433334

	ആകെ	₹866667

4-7 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	₹2493674/-
പലിശ	₹80767/-
തൻവർഷം നിക്ഷേപിച്ച തുക	ഇല്ല
ആകെ	₹2574441/-
തൻവർഷം പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹2574441/-

വാർഷികധനകാര്യപത്രികയിൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപമായി ₹2575441/- എന്ന് തെറ്റായാണ് കാണിച്ചിരിക്കുന്നത്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ

1) രസീത് നം. 043904511500087 / 22.05.23 Indian Oversees Bank, Udyogmandal	₹1280986/-
2)രസീത് നം.043904511500145/ 30.06.22 Indian Oversees Bank, Udyogmandal	₹1293455/-
ആകെ	₹2574441/-

നഗരസഭയ്ക്ക് ക്ലീൻ കേരള കമ്പനി ലിമിറ്റഡിൽ 26.05.2014 ൽ നിക്ഷേപിച്ച ₹1000/- വീതമുള്ള 500 ഓഹരികളും 02.09.15 ൽ നിക്ഷേപിച്ച ₹1000/- വീതമുള്ള 2000 ഓഹരികളും ഉൾപ്പെടെ ആകെ ₹25,00,000/- നിക്ഷേപമുണ്ട്.

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഏലൂർ നഗരസഭ, പഞ്ചായത്തായിരുന്ന കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-98	39	2001-02	10-21	ഗ്രാമ പഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിൽ 2ഏക്കർ 54 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്ന് വാങ്ങിയതിലെ അപാകതകൾ	പരാമർശം നില നിൽക്കുന്നു
പ്രവർത്തനാവലോകനം / വിഷയാധിഷ്ഠിത അവലോകനം / ലഘു അവലോകനം		2013-14	5.1.5, 5.1.6, 5.1.7	പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തുന്നില്ല.	നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട്
--"--	--"--	--"--	5.2.4(6), 5.2.5,	ഉച്ചഭക്ഷണ വിതരണം – അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തം	--"--
--"--	--"--	--"--	5.3.5(1), (2)(6), (7)	ചെറുകിട പാരമ്പര്യ വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നില്ല.	--"--
--"--	--"--	--"--	6.1.2,5	പെർഫോമൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല.	--"--
--"--	--"--	--"--	6.2	പൊതു മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ബസ് സ്റ്റാന്റ്, കമ്യൂണിറ്റി ഹാൾ – ലേലം, വാടക വരുമാനം	--"--

--"--	--"--	--"--	6.3	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളുടേയും സേവനങ്ങളുടേയും സമാഹരണം	--"--
--"--	--"--	--"--	6.4.1	തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത.	--"--

4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹184896820.80
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹177205890.00
വരവിനങ്ങളിലുള്ള നഷ്ടം	₹15300.00
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹2982811.00

(ബി) നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1	₹12300		ശ്രീമതി കൃഷ്ണകുമാരി പി.ബി, നഗരസഭാ സെക്രട്ടറി
2-2	₹3000		ശ്രീ അനിക്കുട്ടൻ ജെ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരം

ഖണ്ഡിക നം.	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-26	141824	ഡോ. സമിത പടിക്കൽ, മെഡിക്കൽ ഓഫീസർ, എഫ്. എച്. സി.
1-29	2806108	ശ്രീമതി കൃഷ്ണകുമാരി പി.ബി, നഗരസഭാ സെക്രട്ടറി
1-30	34879	ശ്രീമതി ഷൈലജ കെ.പി., നഗരസഭാ എഞ്ചിനീയർ
ആകെ	2982811	

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/നഷ്ടം എന്നിവയ്ക്ക് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

പേര്	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. സമിത പടിക്കൽ, മെഡിക്കൽ ഓഫീസർ,	മെഡിക്കൽ ഓഫീസർ, എഫ്. എച്. സി, ഏലൂർ	ഫ്ലാറ്റ് നമ്പർ – 1എ, ടവർ 11, മരട്, കൊച്ചി

എഫ്. എച്. സി.		
ശ്രീമതി കൃഷ്ണകുമാരി പി.ബി, നഗരസഭ സെക്രട്ടറി	സെക്രട്ടറി, നോർത്ത് പറവൂർ നഗരസഭ	കത്തനാപറമ്പിൽ, ചേന്ദമംഗലം പി ഒ, ചേന്ദമംഗലം
ശ്രീമതി ഷൈലജ കെ.പി, നഗരസഭാ എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്	ചെത്യാട്ടുകുടി പാനിപ്ര പി.ഒ. തൃക്കാരിയൂർ കോതമംഗലം
ശ്രീ അനിക്കുട്ടൻ ജെ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ	പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, ആലപ്പുഴ മുൻസിപ്പാലിറ്റി	പുളിക്കൽ ഹൗസ്, മുഹമ്മ പി.ഒ, ആലപ്പുഴ – 688525

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം
1997-98	എൽഎഫ്ഇ(പി5)488/01/05.08.02
1998-99	എൽഎഫ്ഇ(പി5)242/02/21.03.02
1999-2000	എൽഎഫ്ഇ(പി5)709/03/05.12.03
2000-01	എൽഎഫ്ഇ(പി5)1338/03/11.02.04
2001-02	എൽഎഫ്ഇ(പി5)1458/ 03/11.02.04
2002-03	എൽഎഫ്ഇ(പി6)06/06 /10.03.06
2003-04	എൽഎഫ്ഇ(പി6)1670/07/25.02.08
2004-05	എൽഎഫ്ഇ(പി6)219/08/10.02.08
2005-06	എൽഎഫ്ഇ(പി6)239/08/10.02.08
2006-07	എൽഎഫ്ഇ(പി6)238/08/13.03.09
2007-08	എൽഎഫ്ഇ(പി6)132/10/20.10.10
2008-09	എൽഎഫ്ഇ(പി6)132(എ)/10/20.10.10
2009-10	എൽഎഫ്ഇ(പി6)1866/10/10.04.12
2010-11	എൽഎഫ്ഇ(പി6)862/12/22.06.12
2011-12	എൽഎഫ്ഇ(എം2)1334/14/27.08.14
2012-13	കെഎസ്എ- ഇകെഎം(എം2)1416/15/11.09.15
2013-14	കെഎസ്എ- ഇകെഎം(എം2)578/16/11.05.16
2014-15	കെഎസ്എ- ഇകെഎം(എം2)1264/16/03.08.16
2015-16	കെഎസ്എ ഇകെഎം(എം1)125/2017/06.02.17
2016-17	കെഎസ്എ-ഇകെഎം(എം1)1709/2017/06.10.17
2017-18	കെഎസ്എ -ഇകെഎം(എം2)21/2019/ 23.03.19
2018-19	കെഎസ്എഇകെഎം(എം2)1839/2019/13.01.20
2019-20	കെഎസ്എ -ഇകെഎം(എം2)1548/21/21.12.21
2020-21	കെഎസ്എ- ഇകെഎം(എം2)1073/22/07.07.22
2021-22	കെഎസ്എ- ഇകെഎം(എം2)1752/22/03.11.22
2022-23	കെഎസ്എ- ഇകെഎം(എം2)132/24/20.03.24
2023-24	കെ.എസ്.എ- ഇ.കെ.എം.(എം2)26/25/28.03.25

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 26-11-2025 and submitted on 30-11-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Eloor Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Eloor Municipality as on 31-03-2025

Date: 17/03/2026

Joint Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Eloor Municipality for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1. Notes to Accounts and Basic ratios to be included in the annual financial statements vide Kerala Municipality (Accounts) Rules 2007, rule 58(e) and 58(f) respectively are not included.

2. The amount utilised for capital expenditure from various grants has not been recorded under the capital expenditure head in the Annual Financial Statements.
3. The difference between the bank book and the passbook has been recorded in the reconciliation report. But the details of the cheques causing the difference in the amount have not been recorded.
4. In the Bank of Baroda Literacy account (A/C No.92740100002840) there is a difference of Rs. 86577/- between the bank book and passbook balance. This is not reflected in the bank reconciliation report.
5. IInterest on fixed deposits has been incorrectly recorded in the head 171002.
6. A difference of Rs. 1444619.80 exists in the balance of the Central finance commission grant as per Schedule B-4 and Schedule B-17.
7. The receipt and expenditure of the health grant shown in the AFS donot tally with the bank statement, and Sulekha expenditure report.
8. The health grant transactions of the municipality are to be accounted under health grant heads 3201001 and 3201002, but the health grant has been incorrectly recorded under head 3201003. Details of the amount under this head were not made available.
9. An amount of Rs.223333/- received during the current year towards arrears of Rent receivables relating to the previous year has been recorded in the AFS as current year rent.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഏലൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്